# ലിറ്റിൽ കൈറ്റ്സ്
# ഡിജിറ്റൽ മാഗസിൻ 2023

ജി എച്ച് എസ് എസ്
കുന്നക്കാവ്



# ധ്വനി



# ധ്വനി

ലിറ്റിൽ കൈറ്റ്സിൻ്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന
ജി എച്ച് എസ് എസ് കുന്നക്കാവിൻ്റെ
youtube ചാനൽ 'പ്രതീക്ഷ'



# നജീബ് കാന്തപുരം

## എം.എൽ.എ

ജി എച് എസ് എസ്
കുന്നക്കാവ്

ഒരു നല്ല വ്യക്തിയെ രൂപകൽപ്പന ചെയ്യുന്നതിൽ കലയും സാഹിത്യവും വഹിക്കുന്ന പങ്ക് ചെറുതല്ല. അതേപോലെ ഒരു മനുഷ്യനെ സ്വാധീനിക്കുന്ന രണ്ടുകാര്യങ്ങളാണ് എഴുത്തും വായനയും. അറിവിന്റെ ലോകത്തേക്ക് മനുഷ്യനെ കൈപിടിച്ചുയർത്തുന്ന പ്രധാനപ്പെട്ട ഘടകങ്ങളാണ് ഇവ രണ്ടും.വിവരസാങ്കേതിക വിദ്യ വലിയ വളർച്ച കൈവരിച്ച ഇക്കാലത്ത് എഴുത്തും വായനയും അന്യമാവുകയാണ്. ഇത് നമ്മുടെ നാടിന്റെ സാംസ്കാരിക അധ:പതനത്തിനും കാരണമായിട്ടുണ്ട്.

പുതിയ തലമുറയിലെ കുട്ടികളെ എഴുത്തും വായനയും സാഹിത്യവും നിറഞ്ഞ ലോകത്തേക്ക് കൈപിടിച്ചുയർത്തുന്നതിനായി കുന്നക്കാവ് ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് ഒരു മാഗസിൻ പുറത്തിറക്കുകയാണ്. സാഹിത്യ രംഗത്ത് മുതൽക്കൂട്ടാവുന്ന ഒരു മാഗസിൻ ആയി ഇത് മാറട്ടെയെന്ന് ആശംസിക്കുന്നു. ഇതിന്റെ പിന്നണി പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ...

ജി എച് എസ് എസ്
കുന്നക്കാവ്



# സ്രാജുട്ടി കെ

എ.ഇ.ഒ
പെരിന്തൽമണ്ണ

അനുഭവങ്ങളും അവസരങ്ങളുമാണ് നമ്മെ ഉത്തമ പൗരന്മാരാക്കുന്നത്. കുന്നക്കാവ് ഗവ: ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ വിവിധ പ്രവർത്തനങ്ങളിൽ മികച്ചതും കുട്ടികളുടെ മനസ്സിൽ പതിയുന്നതുമായ ഒരു പ്രവർത്തനമാണ് *ധ്വനി* മാഗസിൻ. ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർക്ക് ആശംസകൾ.

സ്നേഹപൂർവ്വം
സ്രാജുട്ടി കെ

CONTACT

9495075634

sirajelamkulam@gmail.com

Kunnakkavu

ജി എച് എസ് എസ്
കുന്നക്കാവ്

ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്, കുന്നക്കാവ് ഗവ:ഹൈസ്ക്കൂൾ 2022-23 അധ്യായന വർഷത്തെ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചും, ചിന്തിക്കാനും പ്രായോഗികമാക്കാനും വരും തലമുറക്ക് മുതൽക്കൂട്ടാനും നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികളുടെ ലേഖനങ്ങളും സാഹിത്യകൃതികളും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു..



**മാണിക്കൻ ഇബ്രാഹിം**

**പി.ടി. എ പ്രസിഡന്റ്**

# സ്കൂൾ എഡിറ്റർ



സനീന പി

2022-23 വർഷത്തിൽ കുന്നക്കാവ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ മാഗസിനായ 'ധ്വനി' പുറത്തിറക്കുന്നതിൽ ഞങ്ങളെ സഹായിച്ച ഓരോ വ്യക്തിത്വങ്ങളെയും ഹൃദയ ഭാഷയിൽ നന്ദി അറിയിക്കുന്നു. ഈ യാത്ര പൂർത്തീകരിക്കുവാൻ ഞങ്ങളെ സഹായിച്ചത് പ്രിയ സുഹൃത്തുക്കളുടെയും സ്കൂൾ അധ്യാപകരുടെയും അതിരുകളില്ലാത്ത പിന്തുണയും സ്നേഹവുമാണ്. സദാ തണലായി കൂടെ നിന്ന ജയശ്രീ ടീച്ചർക്കും സന്ദീപ് മാഷിനും ഒരുപാട് നന്ദി. സ്വപ്ന പിറവിക്കുവേണ്ടി ആത്മാർത്ഥമായി ഒപ്പം നടന്ന പ്രിയ അഫ്രിനും നസീറക്കും നിറയെ സ്നേഹം. ധ്വനിയിലെ വരികളും വർണ്ണങ്ങളും ഇനി നിങ്ങളുടേതാവുമെന്ന പൂർണ്ണ വിശ്വാസത്തോടെ

# പിന്നരങ്ങ്


ജയശ്രീ പി


സന്ദീപ് എസ്


സനീന


ഇജാസ്


ഫാത്തിമ അഫ്രിൻ


നസീറ


ബിലാൽ എം


അഭിനവ്

# പിന്നണി പ്രവർത്തകർ


[illegible] | ഫാത്തിമ [illegible] | [illegible] | ഫാത്തിമ [illegible] | ഫാത്തിമ [illegible] | ഫാത്തിമ [illegible] | ഫാത്തിമ [illegible]


[illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible]


[illegible] | ഫാത്തിമ [illegible] | [illegible] | [illegible] | [illegible] | [illegible] | ഫാത്തിമ


[illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible]


ഫാത്തിമ [illegible] | ഫാത്തിമ [illegible] | [illegible]

Little Kites

We Play* We Explore* We Learn*



Fathima Rishana 8F

# അമ്മയുടെ സ്നേഹം

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു അമ്മമാനും അതിന്റെ രണ്ട് മക്കളും സന്തോഷമായി ജീവിച്ചിരുന്നു. ഒരു ദിവസം അവർ കുറച്ചു അകലെ ഉള്ള കിങ്ങിണി കാട്ടിലേക്ക് തീറ്റത്തേടാൻ പോയി. അവർ ആ കിങ്ങിണി കാട്ടിൽ എത്തി. ആ കാടിന്റെ ഭംഗി കണ്ടു അവർ അതിശയിച്ചു പോയി!! ഇളം പച്ച പുല്ല് നിറഞ്ഞ ആ കാടിന്റെ ഭംഗി അവരെ പുളകം കൊള്ളിച്ചു! തന്റെ മക്കളെ കൂട്ടി ആ മാൻ അവിടെയാകെ ഓടിച്ചാടി നടന്നു. അല്പനേരത്തിനു ശേഷം അവൾ തന്റെ മക്കളോട് പറഞ്ഞു "മക്കളെ, ഇത് ഒരു വലിയ കാടാണ്.പല അപകടങ്ങളും ഒളിഞ്ഞിരിക്കുന്നുണ്ടാകും. നല്ല ശ്രദ്ധ വേണം. കൂട്ടം തെറ്റാതെ സൂക്ഷിക്കണേ". കുട്ടികൾ പറഞ്ഞു " ശെരി അമ്മെ ".

ആ കാട്ടിൽ ഒരു ദുഷ്ടനായ ചെന്നായ ജീവിച്ചിരുന്നു. അവൻ ഒരു മരത്തിന്റെ പിറകിൽ ഒളിച്ചു നിന്ന് ആ മാനുകളെ വീക്ഷിക്കുന്നുണ്ടായിരുന്നു . "ആഹാ!! എന്തു നല്ല മാനുകൾ. മാനിറച്ചി കഴിച്ചിട്ട് നാളെത്രയായി" അവൻ മനസ്സിൽ കരുതി. എന്നാൽ പുല്ല് മേഞ്ഞു നിന്നിരുന്ന അമ്മമാൻ ചെന്നായയെ കണ്ടു .
അവൾ ഭയന്ന് വിറച്ചു. ഇനി ഒരു നിമിഷം വൈകിയാൽ തന്റെയും മക്കളുടെയും ജീവൻ അപകടത്തിൽ ആകുമെന്ന് അവൾ തിരിച്ചറിഞ്ഞു. ഒരു ഉപായത്തിനായി അവൾ തല പുകഞ്ഞു ആലോചിച്ചു. പെട്ടന്ന് അവൾക്കൊരു ബുദ്ധി തോന്നി .
അവൾ ഉറക്കെ വിളിച്ചു പറഞ്ഞു "മക്കളെ, ഈ പുല്ലിന്റെ സ്വാദ് പറഞ്ഞറിയിക്കാൻ ആവില്ല . നമുക്ക് വീട്ടിൽ പോയി അച്ഛനെയും അമ്മൂമ്മയെയും മറ്റു എല്ലാവരെയും വിളിച്ചു കൊണ്ട് വന്നാലോ. ഈ രുചി അവരും ആവോളം അനുഭവിക്കട്ടെ"

ഇത് കേട്ട് ദുഷ്ടൻ ചെന്നായ സന്തോഷിച്ചു. അപ്പോ, ഇനികുറെ ദിവസത്തേക്ക് മാനിറച്ചി കഴിക്കാം. കുശാലായത്തു തന്നെ. കുറെ ദിവസത്തേക്ക്
ഇര തേടുകയും വേണ്ട. അവൻ മനസ്സാലെ തുള്ളിച്ചാടി. അമ്മമാൻ തന്റെ മക്കളെയും കൊണ്ട് അവിടന്ന് ഓടി രക്ഷ പ്പെട്ടു .
പിന്നീട് തിരിച്ചു വന്നതേയില്ല. അവരെ കാത്തു കാത്തിരുന്നു ആ ചെന്നായ ആകെ വിശന്നു വലയുകയും ചെയ്തു .

കൂട്ടുകാരെ ഇതിൽ നിന്നും നമുക്കെന്തു മനസിലാക്കാം.
**ജീവിത പ്രതിസന്ധികളിൽ ദുഖിച്ചിരിക്കാതെ വിവേകപൂർവം തീരുമാനങ്ങൾ എടുക്കാൻ ശ്രെമിക്കുക. പ്രായോഗികബുദ്ധിയും ആത്മ സംയമനവും നമ്മെ ആപത്തിൽ നിന്ന് രക്ഷിക്കാൻ സഹായിക്കും**.

# വഴി

ഭൂമിയിലൊരു തുരങ്കം തീർക്കണം ;
ധ്രുവത്തിൽ നിന്ന് ധ്രുവത്തിലേക്ക്
പുളിയുറുമ്പുകളുടെ നേതാവുറക്കെ പറഞ്ഞു
നിശ്ചയിക്കപ്പെട്ടവർ പണിതുടങ്ങി.
ധ്രുവങ്ങളിലേക്കുള്ള തുരങ്കയാത്ര സ്വപ്നം കണ്ടു.
പലവർണ്ണക്കൊടികളുമായി ചോണന്മാരും,
നെയ്യുന്നുമ്പുകളും കട്ടുറുമ്പുകളും അലറി വിളിച്ചു
വഴിയോരങ്ങളിൽ കൊടികൾ പാറിക്കളിച്ചു.
കട്ടുറുമ്പുകളുടെ ശരീരം പ്രതിഷേധത്തിൻ്റെ കറുത്ത ബാഡ്ജായി
പുളിയുറുമ്പുകളുടെ രാജ്യദ്രോഹികളായി പ്രഖ്യാപിക്കാൻ
നെയ്യുറുമ്പുകളാവേശം  കൊണ്ടു
ജനിക്കാൻ പോകുന്ന തുരങ്കവഴിയിലൂടെ
അരിച്ചിറങ്ങുന്ന ധ്രുവക്കളിര് സ്വപ്നം കണ്ട
ചോണനുറുമ്പുകൾക്ക് മയക്കം വന്നു.
ദക്ഷിണ ധ്രുവത്തിൽ നിന്ന് തുരങ്കവഴിയിലൂടൊരുനോട്ടം
ധ്രുവനക്ഷത്രത്തിന്റെ മന്ദഹാസം തുരങ്കവഴിയിൽ നൃത്തം ചെയ്തു
അതെ; ഇപ്പോൾ ഉത്തരദക്ഷിണ ധ്രുവങ്ങൾ
ഒരു നോട്ടത്തിന്റെ നേർരേഖാബന്ധത്തിലാണ്.
പെട്ടെന്നൊരു മാറ്റം;
തുരങ്കപാതയിൽ ഇരുട്ടിന്റെ കുത്തൊഴുക്ക്
ഉറുമ്പുകളുടെ മുദ്രാവാക്യങ്ങൾ തീക്കടലായി.
മലനിരകൾ അഗ്നി ശർദ്ധിക്കാൻ തുടങ്ങി.
ന്യായന്ന്യായങ്ങൾ ഇടിമിന്നലുകളായി
ചിതറിയ ചിന്തകളും ശകലിതതലച്ചോറുമായി,
ഉറുമ്പുകളുടെ നെട്ടോട്ടം!!!
ഒടുവിൽ; പാതിവഴിയിലവസാനിച്ച തുരങ്കപാതയിൽ
ഉറുമ്പുകൾ കുഴഞ്ഞുവീണു.
മീതെ ഒരു പിടി മണ്ണും!!!





രാജഗോപാലൻ എഴുവന്തല







## Image Manipulation

Image Manipulation is Merging of many images and Manipulation refers to act of transforming image to arrive at the desired output. Through the art of photos manipulation, you are able to transcend your Image Into a true piece of art, Where as, images manipulation can be done through the use of various image editing tools or software. Photoshop is the main software to make manipulation. Many other types of software and apps are using to make image manipulation. manipulation is using in posters,books, magazine & album cover, newspaper Ads, Social media marketing



Abhinav M





# പ്രതീക്ഷ



ALVAFA K 10 B

വരും തലമുറകൾക്കായി
പുത്തൻ ഉഷസ്സായി പ്രശോഭിക്കാൻ
നിങ്ങൾ ആവണം പ്രചോദനം
നിങ്ങൾ ആവണം സാക്ഷി

മദ്യവും മയക്കുമരുന്നിനുമടിമയായി
ഞാൻ നീങ്ങീടുമ്പോൾ
യാത്രയാം പാതിയിൽ
തിരിഞ്ഞീടുമ്പോൾ എന്നമ്മ
ചൊല്ലി എന്നോടായി

മകനെ.....എന്തിനായ് നീ
നിന്നെ നശിപ്പിച്ചിടുന്നു
അമ്മതൻ വാക്കുകൾ ഒന്നുമേ
പ്രസക്തിയില്ലാതെ ഞാൻ നടന്നു
നീങ്ങി ഹീനമാം വഴികളിൽ

ഒന്നിനുമാകാതെ ഞാൻ
നിസ്സഹാനായി നോക്കി നിൽക്കേ
ഒന്നിനും കൊള്ളാത്തവനായി
ഞാൻ മാറിപ്പോയി

തിരിഞ്ഞു നോക്കീടുമ്പോൾ
ഞാൻ ഏകനായി
ഞാൻ മാത്രമായി
വാർദ്ധക്യമെന്നെ കാർന്നു പോയി

ഇനി എനിക്കാവില്ല എന്നിലെ എന്നത്
എത്ര എത്ര വാസ്തവം
ഉണരാൻ കഴിഞ്ഞുവെങ്കിൽ വാർദ്ധക്യമേ
എന്നെ ചെറുപ്പമാക്കാൻ കഴിഞ്ഞുവെങ്കിൽ

യുവത്വമേ....ഞാൻ നിന്നെക്കാൾ കേഴുന്നു
ഇനി നിങ്ങളാവണം പ്രചോദനം
നിങ്ങളാവണം സാക്ഷി
നിങ്ങളാവണം പ്രതിക്ഷ



Capture Your Dreams
INFO
MODELING STUDIO
PASSPORT SIZE PHOTOS
KUNNAKKAVU
Mob : 8592010700
Email : infostudiokunnakkavu@gmailcom
WEDDING PHOTOGRAPHY
WEDDING VIDEOGRAPHY
DIGITALMAGAZINE ALBUM
MODELING PHOTOGRAPHY
VIDEO EDITING
PHOTO RESTORATION
PHOTO LAMINATION
PHOTO FRAMING




metamusic2023@gmail.com
meta music studio
Metamusicstudio Metamusicacademy
AUDIO RECORDING
DUBBING
MIXING
MASTERING
BACKGROUND SCORE
MUSIC DIRECTION
MUSIC PROGRAMMING
ORCHESTRATION
ALL MUSIC WORKS
VIDEO SHOOT
EDITING
COLORING
ALL VIDEO WORKS
STAGE PROGRAMS
META MUSIC ACADEMY
MUSIC CLASSES for
PIANO
GUITAR
VIOLIN
TABLA
JAZZ DRUM
DANCE CLASS
VOCAL MUSIC etc ...
META MUSIC STUDIO
KARINKALLATHANI
8714524948
6282550386

# എന്റെ കേരളം

അരുണകിരണങ്ങളാൽ മഴവില്ല പൊഴിയുമെൻ
കൈരളി നിന്നഴകിൻ ശോഭയാലേ
വസന്ത ഋതുവായെന്നും നിന്നിൽ അലിഞ്ഞിടാനായ്
എൻ മനം എന്നും കൊതിച്ചിടുന്നു
ഒഴുകുന്ന പുഴകളിൽ ഓളങ്ങൾ തേടുന്ന പഞ്ചാര
മണൽ തരികൾ തിളങ്ങിടുന്നു
കാടും മലയും കാട്ടരുവികളും
കേരവൃക്ഷങ്ങളും ചേർന്നിവിടം
നാനാ മതങ്ങളിൽ ഏകത്വം കാണുമീ
കേരള നാടെന്നും എത്ര ധന്യം

ദൈവത്തിൻ നാടിത് സ്വന്തമാക്കാനായ്
കാത്തിരുന്നു എത്ര പേർ ജന്മങ്ങളായ്
ആഘോഷരാവുകൾ മതി മറന്നീടുന്ന
ഓണവും പൂരവും പെരുന്നാളും
മാറ്റു കൂട്ടും എന്നും കൈരളീ നിന്നുടെ
നാമധേയം നിത്യം അലയടിക്കും
സാഹിത്യ സാംസ്കാര പെരുമായെലെന്നും

കേൾവികേട്ടുയരുമെൻ ജന്മനാട്
മാതൃദേവോ ഭവ അതിഥി ദേവോ ഭവ
അന്വർത്ഥമാക്കുന്നു എന്നുമെന്നും
ചൈതന്യ പൂരിതമീ അന്തരീക്ഷം

എത്ര ചേതോഹരമാണീ കേരദേശം
അരുണകിരണങ്ങളാൽ മഴവില്ല പൊഴിയുമെൻ
കൈരളി നിന്നഴകിൻ ശോഭയാലേ
വസന്ത ഋതുവായെന്നും നിന്നിൽ അലിഞ്ഞിടാനായ്
എൻ മനം എന്നും കൊതിച്ചിടുന്നു



ജയശ്രീ പി (HST Maths)



# وَلَدٌ جَاهِلٌ

ذَاتَ مَرَّة عَاشَتْ فِي بَيْتٍ صَغِيرٍ أُمٌّ صَالِحَةٌ وَوَلَدٌ جَاهِلٌ, هُوَ لاَ يُسَاعِدُ أُمَّهُ, حَزِنَتِ الأُمُّ حُزْنًا شَدِيدًا. ذَاتَ يَوْمٍ مَرِضَتْ أُمُّهُ وَنَادَت الْوَلَدَ, لَكِنْ هُوَ مَا اعْتَنَى بِأُمِّهِ. أَخِيرًا فَكَّرَتِ الْمَلاَئِكَةُ أَنْ يَتَعَلَّمَ الْوَلَدَ دَرْسًا لَنْ يَنْسَاهُ أَبَدًا.

ذَاتَ يَوْمٍ كَانَ الْوَلَدُ يَلْعَبُ فِي مَيْدَانٍ. وَجَاءَتِ الْمَلاَئِكَةُ مِنَ السَّمَاءِ تُعْطِي الْوَلَدَ مَا يَرْجُو إِلَيْهِ. فَرِحَ الْوَلَدُ شَدِيدًا. لَمَّا كَثُرَ كِبْرُهُ أَخَذَتِ الْمَلاَئِكَةُ نِعْمَتَهُ. فَصَارَ الْوَلَدُ حَزِينًا. فَهِمَ الْوَلَدُ قَدْرَ الأُمِّ وَبَدَأَ أَنْ يُحِبَّهَا.

مَضَتِ الأَيَّامُ, عَاشَتِ الأُمُّ وَالْوَلَدُ بِالْفَرَحِ وَالسُّرُورِ. وَنَشَأَ الْوَلَدُ وَدَرَسَ جَيِّدًا وَتَخَرَّجَ مِنَ الْكُلِّيَّةِ مُهَنْدِسًا. جَاءَ إِلَيْهِ الْخَبَرُ أَنَّ أُمَّهُ مَرِيضَةٌ, هِيَ فِي الْمُسْتَشْفَى يَحْتَاجُ إِلَى عَمَلِيَةٍ جِرَاحِيَةٍ. وَذَهَبَ الْوَلَدُ إِلَى الْمُسْتَشْفَى قَالَ الطَّبِيبُ عَنْ مَبْلَغٍ كَبِيرٍ لِعَمَلِيَةٍ جِرَاحِيَةٍ.

ذَهَبَ إِلَى الْمُجَوْهَرَةِ لِيَبِيعَ عَقْدًا اشْتَرَاهُ الأَبُ قَبْلَ وَفَاتِهِ. فَحَزِنَ أَنْ يَبِيعَ ذَلِكَ.لَكِنْ أَخِيرًا بَاعَ الْعَقْدَ وَحَصَلَ عَلَى ثَمَنِ مَا يَحْتَاجُ إِلَيْهِ. وَذَهَبَ إِلَى الْمُسْتَشْفَى وَأَنْجَى الأُمَّ.لَكِنْ بَعْدَ أَيَّامٍ انْتَقَلَتْ إِلَى رَحْمَةِ اللَّهِ فَصَارَ حَزِينًا شَدِيدًا وَتَابَ عَنْ أَفْعَالِهِ الْمَاضِيَةِ عَلَى أُمِّهِ وَدَعَا لَهَا. وَيَعِيشُ الْيَوْمَ بِحُزْنٍ وَهَمٍّ.



AFLA SHERIN 10 C



Fathima Rinsha M 8 J

# BEAUTIFUL MIND BETTER THAN A FAIR COMPLEXION

*Someone has rightly said, 'beauty isn't about having pretty face. Its about having a pretty mind, a pretty heart and most importantly a beautiful soul. However, there are still people who idolizes external beauty and run after the appearance rather than personality.*

*In India, people are so obsessed with fair complexion that girls get rejected for marriage just because of their dark complexion. When we read matrimonial advertisements, it is really hopeless that everyone wants a fair complexioned bride. Even there are job ads, that demands for fair skinned people.*

*High sale of fairness creams is also an indication of people's obsession with fair complexion. It is totally in contrast to people of western countries, where they are crazily looking into getting tanned skin. It is high time, that we need to understand that we are all supposed to be different. Our brown skin has its own beauty and it perfectly suits us. What matters is 'if we have a beautiful heart under the skin'. We need to focus on being good human beings. Only that will take us somewhere in life. Not to forget, beauty is only skin deep. It is something that will stay only for a short period of time. Whereas, a positive character is eternal.*


*So, instead of giving preference to a fair complexion, try looking at the inner beauty which provides us perceptual experience, pleasure and satisfaction, inspiring us to perform good deeds. The world paces when we get rid of such racist mindset .*

# തീർത്ഥ യാത്ര

തരംഗിണീ
നിൻ
വിജയവീഥികളിൽ
എനിക്ക്
തീർത്ഥ യാത്ര
പോകണം

നിൻ
കാനന പാതകൾ
ചോലകൾ
നീരുറവകൾ
ഗിരി ഗന്ധരങ്ങൾ
തരണം ചെയ്യണം...
ഇടയ്ക്ക്
ഉഷസ്സിൽ
നിൻ
കരകളിൽ
ഭജനമിരിക്കണം...

ഇനിയൊരിക്കൽ
നിനക്കൊപ്പം
ഒഴുകീടണം
ചാട്ടവും ചുഴികളും
താണ്ടണം..
നിൻ
കൈവഴികളിൽ
ശരണമേകണം
നിന്നിലായ്
അലിയണം
അന്ത്യം വരെ...
നിൻ
ദാനമല്ലോ
മർത്ത്യജന്മം...



YASIN THOTTASSERI
HST ARABIC

# नारी

नारी है शक्ति का प्रतिक
नारी है लक्ष्मी का स्वरुप
सबके घर का दीपक है नारी
ऐसे संसार का अंधकार मिटाती है नारी।

दस महीने अपने
पेड मै पालकर
अपने जीवन त्याग करके,
इस दुनिया में
एक जीवन को भी जन्म
देती है नारी।



Ardra P 9 A

सबके लिए अपने
सपने त्याग करके
दूसरा के सपने के
प्रयल करते है नारी।
अपने खुशी के बारे मै
वह सोचते नहीं
पर दूसरे के खुशी
के लिए जीती है वह।

पर ये सब करके क्या है
इस दुनिया में?
कोई है उसके खुशी के
बारे में सोचने के लिए?
कोई है उसकी दर्द पहचानने के लिए?
कोई है उसके लिए अपने
सपने त्याग करने

के लिए?कोई नहीं!
ये सब उसको पता है
पर वह कभी हरती नहीं।
क्योंकि वह है एक नारी
शक्ति का प्रतिक!



Abu RAHEES 9 A



Adwaith Krishna 8 J



arya a 8 j



devashri m 8i



devashri m 8i



Adwaith Krishna 8 J


# പെൻസിൽ ഡ്രോയിങ്













ZOHA K 10 D


PS BAKERY
KUNNAKKAVU
"ഉദയേട്ടന്റെ കട;
കുന്നക്കാവിന്റെ സ്വന്തം -
നമ്മുടെയും "


സൗന്ദര്യ
ടെക്സ്റ്റയിൽസ്
കുന്നക്കാവ്
FASHION SALE

# SCHOOL ACTIVITY @ 2022 -2023



**ലഹരി വിരുദ്ധ ക്യാമ്പൈൻ**

റിപ്പബ്ലിക്ക്
ദിനം
ആഘോഷം



# വയനാടൻ ഗ്രാമങ്ങളിലൂടെ



ഒരു പ്ലാനിങ്ങും ഇല്ലാതെയുള്ള യാത്രകൾ അതിമനോഹരമാണ്. യാത്രയെ അങ്ങേയറ്റം ഇഷ്ടപ്പെടുന്നവർ . വനമേഖലയോട് തൊട്ടുരുമ്മി മൃഗങ്ങളോട് റ്റാറ്റ പറയുന്ന രീതിയിലുള്ള യാത്രകളാണ് ഇഷ്ടം. പുതുവത്സരത്തിന്റെ തലേദിവസം എവിടേക്ക് പോകണമെന്നറിയാതെ വീട്ടിൽ നിന്നും ഇറങ്ങി.ചെറുകര ദേ കപ്പയിൽ എത്തി പ്ലാൻ ചെയ്യാം എന്ന് കരുതി. വയനാട് താമസിക്കാൻ റൂം കിട്ടുമോ എന്ന് പലർക്കും വിളിച്ചു. എല്ലാം ഫുൾ , ന്യൂ ഇയർ അല്ലേ... എങ്ങനെ ഫുൾ ആകാതിരിക്കും. റൂം കിട്ടിക്കോളും എന്ന് കരുതി ഞങ്ങളുടെ യാത്ര വയനാട്ടിലേക്ക് തന്നെ തീരുമാനിച്ചു. ഒടുവിൽ ഒരാൾ തിരിച്ചുവിളിച്ചു. ഒരു ക്യാൻസലേഷൻ വന്നിട്ടുണ്ട് റൂം വേണോ എന്ന്...ഓക്കേ പറഞ്ഞു ഞങ്ങൾ പുറപ്പെട്ടു. ഏകദേശം ഒരു മണിയോടെ റൂമിലെത്തി. ഗുഡ് നൈറ്റ്...





അടുത്ത ദിവസം ഒരുപാട് പ്ലാനിങ് ഉണ്ടായിരുന്നു. ഒന്നും നടന്നില്ല. രാവിലെ അപ്രതീക്ഷിതമായി പുതിയ ഒരാൾ കടന്നുവന്നു. ഫ്രഷ് ആകാൻ പോലും സമയം ഉണ്ടായില്ല. അദ്ദേഹം ഞങ്ങൾ അറിയുന്ന വയനാട്ടുകാരനായ അളിയനാണ്. അവരെ അവരുടെ വീട്ടിൽ ഡ്രോപ്പ് ചെയ്തു. അതിരാവിലെ ആയതുകൊണ്ട് ബന്ദിപ്പൂർ ഫോറസ്റ്റ് റൂട്ടിൽ മൃഗങ്ങളുടെ തിരക്ക് ഉണ്ടാകുമെന്നാണ് കരുതിയത്.കടുവ, കരടി, ആന.... എവിടെ...... ചില മാൻ കൂട്ടങ്ങൾ അല്ലാതെ വേറെന്ത്...പിന്നീട് അതിമനോഹരമായ സൂര്യകാന്തി പാടത്തേക്ക്.

ഫോറസ്റ്റിന്റെ അതിമനോഹരമായ ആ യാത്ര ഞങ്ങൾ നന്നായി ആസ്വദിച്ചു. പിന്നെ തിരിച്ച് പേരുകേട്ട എടക്കൽ ഗുഹയിലേക്ക് . അതിമനോഹരമായ ഒന്നര കിലോമീറ്റർ കുന്നു കയറിയുള്ള ഗുഹയിലേക്കുള്ള യാത്ര. നവീന ശിലായുഗത്തിന്റെ ഒരുപാട് അടയാളങ്ങൾ കാണുകയുണ്ടായി. ഒരുപാട് കഷ്ടപ്പെട്ടിട്ട് തന്നെയാണ് അതിന്റെ മുകളിൽ കയറിയത്. ഒരു പ്രാവശ്യം കയറിയാൽ പിന്നെ കയറൂല. പിന്നീട് റൂമിലേക്ക് വന്ന ഫ്രഷ് ആയി , സുഹൃത്തിന്റെ വീട്ടിലേക്ക്. ഉച്ചഭക്ഷണം അവിടെയായിരുന്നു. നല്ല രുചിയോടെയുള്ള വയനാടൻ ഭക്ഷണം. കഴിച്ചാൽ വീണ്ടും വീണ്ടും കഴിക്കാൻ തോന്നിക്കുന്ന ഭക്ഷണം. ഊണിന്റെ കൂടെ ഉപ്പേരിയെപ്പോലെ ചിക്കൻ കഷ്ണങ്ങളും ഉണ്ടായിരുന്നു. ഭക്ഷണം കഴിച്ച് ഇരുളം ഗ്രാമം ഒന്ന് കറങ്ങി. സുഹൃത്തിൻ്റെ ഫാമിലിയെ കാണാൻസാധിച്ചു. വയനാട് ആസ്വദിക്കാൻ പോയ ഞങ്ങൾ അന്ന് ഇരുളത്ത് പെട്ടു.



പെട്ടു എന്നൊന്നും പറയാനാവില്ല. ഇരുളം ഗ്രാമം ഞങ്ങൾ ആസ്വദിച്ചു. ഓർമ്മയിൽ സൂക്ഷിക്കാനായി അവിടെ നിന്നും ഒരുപാട് മനോഹാരിത നിറഞ്ഞ ഫോട്ടോസ് എടുത്തു. രണ്ടു ദിവസം മുമ്പ് കടുവ ഇറങ്ങിയ സ്ഥലമായതിനാൽ, 144 പ്രഖ്യാപിച്ച് പിൻവലിച്ച ദിവസമായിരുന്നു ഞങ്ങളവിടെയെത്തിയത്. ഭീതിയോടെയാണെങ്കിലും അവിടെയൊക്കെ ഒന്ന് കറങ്ങി. വൈകുന്നേരത്തെ വയനാടൻ ചായയും കൽത്തപ്പവും, ഹോ.... എന്തൊരു രുചി. വൈകുന്നേരം വീട്ടിലേക്ക് തിരിക്കാൻ നിന്നതാ വിട്ടില്ല. രാത്രി ഭക്ഷണം കഴിച്ചു ഒരുമിച്ചു പോകാം...... തീർന്നു.... പുതുവത്സരത്തെ സ്വാഗതം ചെയ്യുന്ന രാത്രിയായിരുന്നു. പുതുവത്സരാഘോഷം നിറഞ്ഞാടിയ ഇരുളം ഗ്രാമം. കപ്പയും ചിക്കനും ഞങ്ങളെ കാത്ത് ചൂടോടെ നിൽക്കുന്നുണ്ടായിരുന്നു. ടീച്ചറും ടീച്ചറുടെ അച്ഛനും അമ്മയും ഒക്കെ നല്ല സ്നേഹമുള്ളവർ. കപ്പ കഴിച്ചിട്ടേ ഞങ്ങളെ വിട്ടുള്ളൂ. എരിവ് ആണെങ്കിലും ചിക്കൻ കറി കിടിലൻ.. കഴിച്ച ഉടനെ ഞങ്ങൾ ഇറങ്ങി. പുതുവത്സരപ്പിറവി വയനാട് ചുരത്തിലായിരുന്നു. എല്ലായിടത്തും ആഘോഷം...
ഞങ്ങൾ കാറിലും.....



SHAMEEM JOUHER
HST ARABIC

# കടൽ സഞ്ചാരികൾ



AFLA K 6 C

കുറച്ചു കാലങ്ങൾക്ക് മുൻപ്, ഒരു നാട്ടിൽ കുറച്ചു കടൽ സഞ്ചാരികൾ എത്തിച്ചേർന്നു . കടലിൽ സഞ്ചരിച്ച് പുതിയ അറിവുകൾ നേടുന്നവർ. അവർ ഗ്രാമീണരെ തങ്ങളോടൊപ്പം കടൽ വിസ്മയങ്ങൾ കാണാൻ ക്ഷണിച്ചു.പക്ഷെ അതിനു തയ്യാറായ കുറച്ചാളുകളെ ഉണ്ടായിരുന്നുള്ളൂ. പിന്നീട് അവരെല്ലാം ചേർന്ന് കടൽ കാഴ്ചകൾ കാണാനായി യാത്ര തിരിച്ചു.

പുതിയ പലതരം മീനുകളെയും,കടലോരത്തെ വിവിധ തരം സസ്യങ്ങളും അവർക്കു കാണാൻ സാധിച്ചു.അങ്ങനെ സമുദ്ര ലോകം അവരുടെ മനസ്സിനെ സ്വർഗ്ഗലോകത്തു എത്തിച്ചു.ഗ്രാമത്തിൽ തിരിച്ചെത്തിയ അവർ മറ്റുള്ളവരോട് വിവരിച്ചു. ഇതെല്ലം കേട്ട് വിസ്മയിച്ച സഞ്ചരികളിൽപെട്ട ലാമ്പലസിയോയുടെ മകൾ സിയാലി അവൾക്കും കടൽ സഞ്ചാരി ആവണമെന്ന് വാശി പിടിച്ചു. സിയാലിക്ക് പതിനഞ്ചു വയസ്സായിരുന്നു പ്രായം. അടുത്ത കപ്പൽ യാത്രയിൽ അവർ അവളെയും കൂട്ടി. അച്ചന്റെ കൂട്ടുകാർ ചോദിച്ചു "നിനക്ക് നീന്താൻ അറിയുമോ? നിനക്ക് കടലിൽ ഇറങ്ങാൻ ഇഷ്ടമാണോ?" അതെ എന്ന് അവൾ തലയാട്ടി. പതിയെ അവൾ കപ്പലിൽ നിന്ന് വെള്ളത്തിലേക്ക് ഇറങ്ങാൻ ശ്രമിച്ചു പെട്ടന്ന്, "ബ്ലൂം"!!! എന്നൊരു ശബ്ദം വെള്ളത്തിൽ നിന്നും ഉയർന്നു കേട്ടു. എന്താണത് !! കഥകളിൽ മാത്രം കേട്ടിരുന്ന ഒന്ന്. അപ്പൊ ഇത് ഒന്ന് യഥാർത്ഥത്തിൽ ഉണ്ടായിരുന്നോ !! അവർ അത്ഭുതപെട്ട് പോയി.

അതൊരു മൽസ്യ കന്യകയായിരുന്നു. അവൾ സിയാലിയെ എടുത്തു ഉയർത്തി പിടിച്ചിരിക്കുന്നു. കണ്ണഞ്ചുമാറായി ആ മൽസ്യ കന്യക പുഞ്ചിരി തൂകുന്നു. അതിൽ ചില സഞ്ചാരികൾ മറ്റുള്ളവരോട് രഹസ്യമായി പറഞ്ഞു "മത്സ്യകന്യകയുടെ കണ്ണുനീർ മുത്തുകളായി മാറും. അതിന് നല്ല വിലയുമാണ്." മൽസ്യകന്യകയെ കരയിപ്പിക്കാനായി എന്ത് ചെയ്യാം എന്നവർ കൂടി ആലോചിച്ചു. അങ്ങനെ സിയാലിയെ കപ്പലിൽ നിറുത്തിയ ശേഷം അവളുടെ അച്ഛൻ ലാമ്പൽസിയൊയും കൂട്ടരും അവളെ കൊല്ലപ്പെടുത്തി. അവളുടെ സ്വന്തം അച്ഛൻ സ്വാർത്ഥതാല്പര്യത്തിനായി അതിനു കൂട്ട് നിന്നിരിക്കുന്നു. സിയാലി ഒരു വലിയ ഒരു അലർച്ചയോടെ അവിടെ മരിച്ചു വീണു. മൽസ്യകന്യകയുടെ കണ്ണിലൂടെ കണ്ണുനീർ ധാര ധാരയായി ഒഴുകി വീണു. അങ്ങനെ അവർ ഒരുപാട് നേരം കരഞ്ഞു. കണ്ണുനീർ മെല്ലെ മെല്ലെ മുത്തുകളായി മാറി. സഞ്ചാരികൾ എല്ലാവരും മുത്തിനായി അടിപിടി കൂടാൻ തുടങ്ങി. അതിനിടയിൽ സിയാലിയുടെ ശരീരം വെള്ളത്തിലേക്ക് വീണു. മത്സ്യകന്യക അവളെ എടുത്ത് കടലിന്റെ അടിത്തട്ടിലേക്ക് പോയി. സിയാലിയുടെ അച്ഛൻ ലാമ്പൽസിയോ തന്റെ പങ്കു മുത്തുകളുമായി ഗ്രാമത്തിലേക്ക് പോയി.

ജീവന്റെ ചെറിയ കണിക ബാക്കി ഉണ്ടായിരുന്ന സിയാലിയെ സുസ്രൂഷിച്ചു, മുറിവുകൾ ഉണക്കി ജീവിതത്തിലേക്ക് തിരിച്ചു കൊണ്ട് വന്നു. അവൾ തന്റെ മറ്റു നാല് മക്കളോടൊപ്പം ഒരു മകളെ പോലെ പോറ്റി വളർത്തി. അങ്ങനെ . സിയാലിയും മത്സ്യകന്യകയായിമാറി. വർഷങ്ങൾ കഴിഞ്ഞു.മത്സ്യകന്യകക്ക് പ്രായമായി. സിയാലി അവൾക്ക് ഏറ്റവും പ്രിയപ്പെട്ട മകളായി.


ദിവസങ്ങൾ വീണ്ടും കൊഴിഞ്ഞു വീണു. ഒരിക്കൽ സിയാലി കടലിന്റെ മുകളിലൂടെ ഒരു കപ്പൽ പോകുന്നത് കാണാനിടയായി. അവൾ തന്റെ പഴയ കാര്യങ്ങൾ ഓർത്തു.അതിനുള്ളിൽ ഉള്ളവരെ കണ്ടു അവൾ അമ്പരന്നു പോയി. ആ കപ്പലിൽ അന്നുണ്ടായ ചിലരും അവളുടെ അച്ഛനും വടിയും കുത്തി നിൽക്കുന്നു. ആ കാഴ്ച കാണാനാവാതെ അവൾ കടലിന്റെ അടിത്തട്ടിലേക്ക് തിരിച്ചുപോയി.അവളുടെ അച്ഛനും അവളെ കണ്ടിരുന്നു. അവളുടെ വിഷമം കണ്ടു കാര്യങ്ങൾ ചോദിച്ചറിഞ്ഞ മത്സ്യകന്യക സിയാലിയെയും കൂട്ടി വേഗം മുകളിലേക്ക് പോയി. മത്സ്യകന്യക സിയാലിയോട് പറഞ്ഞു. "നീ നിന്റെ അച്ഛനോട് സംസാരിക്കണം." അവളെക്കണ്ട് ലാമ്പൽസിയോ പൊട്ടികരഞ്ഞുകൊണ്ട് പറഞ്ഞു. "മോളെ നീ ഈ മഹാ പാപിയോട് ക്ഷമിക്കണം. അന്ന് ഞാൻ പണത്തിനു വേണ്ടി എന്തൊക്കെയോ ചെയ്തു". സിയാലി അച്ഛനോട് പറഞ്ഞു. " അച്ഛാ, ഇടയ്ക്കിടെ ഇങ്ങോട്ട് വരണം അമ്മയെയും കൂട്ടണം. എനിക്ക് നിങ്ങളുടെ അടുത്തേക്ക് വരാനും കഴിയില്ല കാരണം ഞാൻ ഇപ്പോൾ ഒരു മൽസ്യ കന്യകയാണ് ". യവ്വനത്തിൽ തന്റെ പണത്തിനോടുള്ള അത്യാഗ്രഹത്താൽ മകളെ കൊലപ്പെടുത്തി പോലും പണം സമ്പാദിക്കാൻ ആഗ്രഹിച്ച ആ പിതാവ് തന്റെ വാർധക്യത്തിൽ മക്കളാണ് ഏറ്റവും വല്യ സമ്പത്തു എന്ന തിരിച്ചറിഞ്ഞു. എന്നാൽ തന്റെ തിരിച്ചറിവ് ഉണ്ടാക്കിയ ആഘാതത്തിൽ അദ്ദേഹം നാട്ടിൽ തിരിച്ചെത്തിയതും മരണപെട്ടു. ഇതറിയാതെ സിയാലി ഇപ്പോഴും കണ്ണീരോടെ കാത്തിരിക്കുന്നു.. അവളുടെ കുടുംബത്തിനെ കാണാൻ.. അവളുടെ കണ്ണീർ മുത്തുകളായി കടലിൽ വീണുകൊണ്ടേ ഇരിക്കുന്നു !!

# SCHOOL ACTIVITY @ 2022 -2023



## എ ടി എൽ ലാബ്








# WORLD FAMOUS PROVERBS

- Honesty is the best policy.
- Don't judge a book by its cover.
- An apple a day keeps the doctor away.
- Many hands make light work.
- Better late than never.
- Rome wasn't built in a day.
- Actions speak louder than words.
- It's no use crying over spilled milk.
- Still waters run deep.
- The forbidden fruit is always the sweetest.
- It's the tip of the iceberg.
- Learn to walk before you run.
- It's better to be safe than sorry.
- The early bird catches the worm.

# Perinthalmanna sub district Football competition



## JUNIOR BOYS THIRD POSITION



സബ് ജൂനിയർ ഗേൾസ്

KUNNAKKAVU



ചെസ്സ് ചാമ്പ്യന്മാർ



സബ് ജൂനിയർ വിഭാഗം



സീനിയർ വിഭാഗം

MAKE IT HAPPEN



പെരിന്തൽമണ്ണ സബ്ജില്ല ഫുട്ബോൾ മത്സരത്തിൽ ജൂനിയർ വിഭാഗം പെൺകുട്ടികൾക് മൂന്നാം സ്ഥാനം കൈവരിച്ചു .......



സബ് ജൂനിയർ വിഭാഗം



സബ് ജൂനിയർ വിഭാഗം

പെരിന്തൽമണ്ണ സബ്ജില്ല ബാഡ്മിൻറൻ മത്സരത്തിൽ ജൂനിയർ വിഭാഗം ഒന്നാം സ്ഥാനവും സബ്ജൂനിയർ വിഭാഗം രണ്ടാംസ്ഥാനവും കൈവരിച്ചു





ജൂനിയർ വിഭാഗം



ADITHYA K P
8th STD



ARCHANA P
12th STD



HIBA SHERIN AP
12th STD

പെരിന്തൽമണ്ണ സബ്ജില്ല ബാഡ്മിൻറൻ ടീമിൽ യോഗ്യത നേടിയ ആദിത്യ, അർച്ചന, ഹിബ ഷെറിൻ

# മാറുന്ന വിദ്യഭ്യാസം പ്രതിസന്ധികളും പ്രതീക്ഷകളും



പവിത്ര.എൻ.ടി 8 N

## ഭീതിയൊഴിയാ ജീവിതങ്ങൾ

വിദ്യഭ്യാസം പണ്ടത്തെ കാലത്തു നിന്നും ഒരു പാട് മാറിയിരിക്കുന്നു. പണ്ടത്തെ കാലത്ത് ബോർഡിലാണ് വിദ്യാർത്ഥികൾക്ക് എഴുതിക്കൊടുത്തിരുന്ന എങ്കിൽ ഇപ്പോൾ പ്രൊജകറ്ററിലും കമ്പ്യൂട്ടറിലുമെല്ലാം ആണ് നോട്ടുകൾ കാണിച്ചു കൊടുക്കുന്നത് കൂടാതെ അതിനെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങളും കാണിച്ച് കൊടുക്കുന്നു. ഇത് വളരെ ഫലപ്രദമായതും കുട്ടികൾക്ക് വേഗത്തിൽ മനസ്സിലാക്കാനും കഴിയുന്നതുമായ മാർഗമാണ്. എന്നാൽ ഈ സൗകര്യങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും രക്ഷിതാക്കൾക്ക് ഭീതിയാണ്. ഇപ്പോഴത്തെ തലമുറ വളരെ ഭയാനകമായ ഒരു ലോകത്തേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. എല്ലാ സൗകര്യങ്ങയും ഉണ്ടായിരുന്നിട്ട കൂടി പല വിധത്തിലുള്ള പ്രശ്നങ്ങൾ ഇപ്പോഴത്തെ വിദ്യാർത്ഥികളെ ചുറ്റിപ്പിടിക്കുന്നു. അതിൽ പ്രേമം, ലഹരി, പ്രതികാരം ഇതെല്ലാം ഉൾക്കൊള്ളുന്നു. കൂടുതലായും നമ്മുടെ നാട്ടിൽ സ്കൂളുകളിൽ ലഹരി ഉപയോഗം കൂടുതലായും കണ്ടുവരുന്നു. വിദാർത്ഥികളിലാണ് ഇത് കൂടുതലായും കണ്ടുവരുന്നത്.

ലഹരി എന്നത് ഒരു നൂലാമാലയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ എല്ലാ പത്രമാധ്യമങ്ങളിലും മന്ത്രിസഭയിലും കൂടാതെ സ്കൂൾ പരെന്റ് സ് മീറ്റിങ്ങിൽ കൂടി ഇതാണ് ചർച്ച വിഷയം. നമ്മുടെ സ്കൂളിന്റെ പല ഭാഗങ്ങളിലും ലഹരി വിൽക്കപ്പെടുന്നുണ്ട്. പൊടി രൂപത്തില സ്റ്റാമ്പ് രൂപത്തിലും വരെ ലഹരി വസ്തുകൾ ഇറങ്ങുമുണ്ട്. നമ്മുടെ കൂട്ടുകാരെ അതിൽ നിന്നും വിമുക്തരാകേണ്ടത് വളരെ അനിവാര്യമാണ്. ഇത് മുളയിലേ നുള്ളണം. ഒരു തവണ ലഹരി ഉപയേഗിച്ചാൽ നമ്മൾ അതിന് അടിമപ്പെടുന്നു.

രക്ഷിതാക്കളുടെ അടുത്ത ഭയമാണ് തങ്ങളുടെ മക്കൾ പ്രേമത്തിന്റെ പടുക്കുഴിയിലേക്ക് വീഴുമോ എന്ന്. കഴിഞ്ഞ കൊല്ലത്തെ ഏകദേശം കണക്കെടുത്താൽ നാൽപ്പതോളം വിദ്യാർത്ഥികളാണ് പ്രണയത്തിന്റെ പേരിൽ ആത്മഹത്യ ചെയ്തിട്ടുള്ളത്. പെൺകുട്ടികളാണ് കൂടുതലായും ഇതിൽ ചെന്ന് ചാടുന്നത്. ആൺകുട്ടികളോട് ഒരു 'നോ' എന്ന വാക്ക് പറഞ്ഞാൽ പെൺകുട്ടികളെ എന്ത് ചെയ്യാനും അവർ മടിക്കില്ല. വളരെ ബുദ്ധിമുട്ടാണ് നമ്മുടെ വിദ്യാർത്ഥികളുടെ അവസ്ഥ. എന്നിരുന്നാലും ചില വിദ്യാർത്ഥികൾ ഇതിലൊന്നും പെടാതെ മാറിനിൽക്കാറുണ്ട് അവർ വളരെ നല്ല വിദ്യാർത്തികളായി വളരുന്നു.

വിദ്യഭ്യാസത്തിനു നമ്മുടെ നാട് മുന്നിലുള്ള തു പോലെ തന്നെ തല്ലിന്റെ കാര്യത്തിലും നമുടെ നാട് മുന്നിൽ തന്നെ ഉണ്ട്. ഓരോ ദിവസവും കഴിയുമ്പോഴും ഒരു ചടങ്ങു പോലെ ഓരോ അടി നടക്കുന്ന തരത്തിലാണ് ഇപ്പോഴത്തെ അവസ്ഥ.രക്ഷിതാക്കൾക്ക് ഒരോ ദിവസം കഴിയുന്തോറും തന്റെ മക്കളെ ഓർത്ത് ഭയവും ഭീതിയുമാണ് അതു പോലെ തന്നെ പ്രതീക്ഷയും അവർ കൈവിടാറില്ല.

# ഓണം സെലിബ്രേഷൻ

















8th std



9th std



10th std

# ലിറ്റിൽകൈറ്റ്സ്

ഏഷ്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ് കേരള സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ഒരു സ്വപ്ന പദ്ധതിയാണ് ഹൈടെക് സ്കൂളുകളും ഐസിടി അധിഷ്ഠിത പഠനവും. ഐ സി ടി പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 2016ൽ ഹായ് സ്കൂൾ കുട്ടി കൂട്ടം എന്ന പേരിൽ എല്ലാ ഹൈ സ്കൂളിലും ഒരു ഐ ടി ക്ലബ്ബ് പ്രവർത്തനം തുടങ്ങിയത്. ഹൈടെക് സ്കൂൾ പ്രാവർത്തികമായതോടെ കൂടുതൽ സാങ്കേതിക വിദ്യ ഉപകരണങ്ങൾ സ്കൂളിൽ എത്തുകയും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും വേണ്ടി അധ്യാപകരോടൊപ്പം കുട്ടികളെ കൂടി ഉൾപ്പെടുത്തി വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.

ഹാർഡ് വെയർ , ഇലക്ട്രോണിക്സ്, അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേകം പരിശീലനം ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട് . ഇതിനു പുറമെ വിദഗ്ദരുടെ ക്ലാസ്സുകൾ, ക്യാമ്പുകൾ, ഇൻഡസ്ട്രി വിസിറ്റ് എന്നിവ സംഘടിപ്പിക്കുന്നുണ്ട്. സ്കൂളുകളിലെ ഹാർഡ് വെയർ പരിപാലനം, രക്ഷാകർത്താക്കൾക്കായുള്ള കമ്പ്യൂട്ടർ സാക്ഷരത, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം , വിക്ടേഴ്സിലേക്ക് പരിപാടികൾ നിർമ്മിക്കൽ തുടങ്ങി വൈവിധ്യം നിറഞ്ഞ പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് വഴി നടപ്പാക്കുന്നു. വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താൽപ്പര്യത്തെപരിപോഷിപ്പിക്കാനും സാങ്കേതിക വിദ്യയും സോഫ്റ്റ് വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരങ്ങളും കുട്ടികളിൽ സൃഷ്ടിക്കാനും ലിറ്റിൽ കൈറ്റ്സിലൂടെ സർക്കാർ ലക്ഷ്യമിടുന്നു

# മഞ്ഞിലേക്കൊരു യാത്ര



യാത്രകൾ ഇഷ്ടമില്ലാത്തവരായി ആരാണുള്ളത്? യാത്രകൾ എന്നും മനോഹരമുള്ളതാണ്. ഞാനും ഒരുപാട് യാത്രകൾ പോയിട്ടുണ്ട്. ഞാൻ പോയതിൽ വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ് മണാലി യാത്ര. ഹിമാചൽ പ്രദേശിലാണ് കുളു മണാലി സ്ഥിതിചെയ്യുന്നത്. ഞങ്ങൾ ഇവിടുന്ന് ട്രെയിനിലാണ് പോയത്.ഷൊർണൂരിൽ നിന്ന് കയറി ഡൽഹിയിലാണ് ട്രെയിൻ ഇറങ്ങുന്നത്. ഡൽഹിയിൽനിന്ന് വൈകുന്നേരം ആണ് മണാലിയിലേക്കുള്ള ബസ് വരുന്നത്. അതുവരെ ഞങ്ങൾ ഡൽഹി ചുറ്റിക്കണ്ടു .ഞങ്ങൾ ആദ്യം ചെങ്കോട്ട കാണാനാണ് പോയത്.വളരെയധികം തിരക്കായിരുന്നു അവിടെ. വിദേശികളെയും മറ്റും അവിടെ കാണാനിടയായി.  വൈകുന്നേരം ആയപ്പോൾ മണാലിയിലേക്കുള്ള  ബസ് കയറി. അങ്ങനെ മഞ്ഞിന്റെ മാന്ത്രിക ലോകത്തേക്ക് ഞങ്ങൾ എത്തിച്ചേർന്നു. കയ്യിൽ മഞ്ഞ് വാരിക്കളിക്കാൻ നല്ല രസമായിരുന്നു.ഞങ്ങൾ അവിടെ ആദ്യം കാണാൻ പോയത് ഹിടിമ്പാ ടെമ്പിൾ ആയിരുന്നു. പഴയ കാലത്തേ നിർമിതികളുടെ  മനോഹാരിത പറഞ്ഞറിയിക്കാൻ ആവില്ല !!

ഞങ്ങൾ  എട്ടു ദിവസം മണാലിയിൽ താമസിച്ചു. പിന്നെ ഡൽഹിയിലേക്ക് മടങ്ങി.അവിടെ എത്തി ഗാന്ധിസ്മൃതി കാണാൻ പോയി. ഗാന്ധിയുടെ സമാധി സ്ഥലവും ഇവിടെ തന്നെയാണ്. ഗാന്ധിജി ഉപയോഗിച്ച സാമഗ്രികളും ഗാന്ധിജിയുടെ മുറിയും എല്ലാം ആണ് ഗാന്ധി സ്മൃതിയിൽ ഉള്ളത്. പിന്നെ രാജ്ഘട്ട്. അതെല്ലാം കണ്ടതിനുശേഷം ഞങ്ങൾ കുത്തബ്മിനാർ കാണാൻ പോയി.





അവിടുന്ന് പോരുന്ന വഴി ഞങ്ങൾ ഒരു പാരച്യൂട്ട് കണ്ടു. മണാലി മഞ്ഞു ഇഷ്ടപ്പെടുന്നവരുടെ മാത്രമല്ല സാഹസികരുടെയും പ്രിയപ്പെട്ട സ്ഥലമാണല്ലോ.  പിന്നീടുള്ള  ദിവസങ്ങൾ മുഴുവൻ മഞ്ഞു മലകളായിരുന്നു ഞങ്ങളുടെ ഇഷ്ട കേന്ദ്രം. ലോകത്തിലെ ഏറ്റവും വലിയ ടണലായ അടൽ ടണൽ(Atal tunnel) മണാലിയിലാണ്  സ്ഥിതി ചെയ്യുന്നത്. ഏകദേശം പതിനായിരം ഫീറ്റാണ് അതിന്റെ ഉയരം .

അങ്ങനെ സുന്ദരമായ ആ ദിവസങ്ങളെ പിന്നിലാക്കി  ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു മടങ്ങി. എങ്കിലും ആ ദിവസങ്ങളിലെ ഓർമ്മകൾ മനസ്സിൽ മായാതെ നിൽക്കും. ഞാൻ എന്നും യാത്രകൾ ഇഷ്ടപ്പെടുന്ന ഒരാളായിരിക്കും. കാരണം യാത്രകൾ എനിക്ക് അത്രമേൽ പ്രിയപ്പെട്ടതാണ്.



SWALIHA P
8 J

# തബല പറയുന്നത്



Nanda Kumar AP
(HST English)

ജീവിതത്തിൻെ
ശ്രുതിയും താളവും തെറ്റന്നിടത്തു നിന്നാണ്
അപസ്വരങ്ങൾ ഉയരുന്നത്

തണുത്തുറഞ്ഞ തബലയിൽ
അവ്യക്തമായ നാദം
ഉയർന്ന പോൽ

പുസ്തകത്തിൻെ
താളുകൾ മറിയുമ്പോൾ
അറിയാതെ അടർന്നു പോകുന്ന
ഇതളുകൾ പിന്നീട് തുന്നിചേർത്തപ്പോൾ
എവിടെയോ ഒരു വിടവ്

മഷിയിളകിയ തബലയിൽ
താളം പിഴച്ച പോലെ

പെയ്യുമെന്നു കരുതിയ മഴയെ
കറുത്ത മേഘം കവർന്നെടുത്തപ്പോൾ
പെയ്യാതെ വലിഞ്ഞ് മുറുകിയ
ആകാശത്ത് പറവകൾ ചിലച്ചു

തബലയിലെ കയറിൻെ വലിവ് നഷ്ടപ്പെട്ടപ്പോൾ
കേട്ട ചിലമ്പിച്ച ശബ്ദം പോൽ



# അനുരാഗത്തിന്റെ വെണ്ണക്കൽ കൊട്ടാരം



കുറച്ചു വർഷങ്ങൾക്കു മുൻപാണ് ഞങ്ങൾ താജ്മഹൽ കാണാൻ പോയത് . സാധാരണ പുരുഷനു വേണ്ടി ഉരുകി തീരുന്ന സ്ത്രീകളുടെ കഥകൾ മാത്രം കേട്ട് വളർന്നതിനാലാകം ഭാര്യക്ക് വേണ്ടി ഭർത്താവ് പണികഴിപ്പി ഒരു സ്മാരകത്തിനോട് എനിക്കിത്രയും കൗതുകം ഞങ്ങൾ അവിടെ എത്തിയപ്പോഴേക്കും നേരം വെളുക്കാറായിരുന്നു. സൂര്യൻ തന്നെ മറച്ച ഇരുൾ തൊപ്പികളെ പതുക്കെ അനാവരണം ചെയ്ത് വെളിച്ചത്തിന്റെ മഹാ സൗന്ദര്യത്തിലേക്ക് കുതിക്കാൻ ഒരുങ്ങുകയായിരുന്നു.

ഞങ്ങൾ പതുക്കെ താജ്മഹലിന്റെ വഴികളിലൂടെ നടക്കാൻ ആരംഭിച്ചു. നല്ല വൃത്തിയുള്ള സ്ഥലം. താജ്മഹലിലേക്കുള്ള വഴിയുടെ രണ്ടറ്റത്തും പല വർണ്ണത്തിൽ വസന്തംവിരിച്ച പൂപാലികകൾ. ആ പൂക്കൾ അനുരാഗത്തിന്റെ വർണ്ണങ്ങൾവിരിക്കുന്നു. പ്രണയ താഴ്വരയിലെ വശ്യസുഗന്ധം ആകുന്നു.അതിനു ചുറ്റും നിറങ്ങളുടെ മധുരം നുകരാൻ ചിത്ര പതംഗങ്ങൾ പാറി പറക്കുന്നു. എല്ലാത്തിലും സത്യവും ശിവവും സുന്ദരവും വിരിയുന്നു. പതുക്കെ കാഴ്ചകൾ ആസ്വദിച്ച് ഞങ്ങളാ വിശ്വമഹാ സ്മാരകത്തിന്റെ കവാടത്തിൽ എത്തിച്ചേർന്നു. പരിശുദ്ധിയുടെ നറും വെള്ള തൂകിയ തന്റെ പ്രണയത്തിൻറെ സ്മാരകമായി, മുഗൾ സാമ്രാജ്യത്തിന്റെ പ്രൗഢഗംഭീര ഭരണത്തിന്റെ തെളിവായി ഷാജഹാൻ ചക്രവർത്തി പണികഴിപ്പിച്ച ആ സ്വർഗ്ഗലോകത്തിന്റെ കവാടത്തിൽ. എങ്ങും വെട്ടി തിളങ്ങുന്ന നറും വെള്ള. പ്രൗഢഗംഭീരമായ ദർബാറുകൾ മുറികൾ കവാടങ്ങൾ കോണിപ്പടികൾ എല്ലാം ഒരു മായാ ലോകത്തിന്റെ പ്രതീതി ഉളവാക്കി. സാക്ഷാൽ വൈകുണ്ഠപുരത്തെത്തിയ തോന്നൽ ആയിരുന്നു എനിക്കപ്പോൾ. സത്യം പറഞ്ഞാൽ ഞാൻ താജ്മഹലിന്റെ സൗന്ദര്യത്തിൽ അലിഞ്ഞുചേരുകയായിരുന്നു. ഒടുവിൽ താജ്മഹലിന്റെ ഒത്ത മുകളിൽ എത്തിയപ്പോൾ കണ്ട കാഴ്ച അവിസ്മരണീയമായിരുന്നു. താഴെ കുതിച്ചൊഴുകുന്ന യമുനാ നദി .വലുതും ചെറുതുമായ കെട്ടിടങ്ങൾ . കണ്ണെത്താത്ത ദൂരത്തോളം പൂക്കളും പച്ചപ്പും. അകലെ അകലെ പാറിപ്പറക്കുന്ന പക്ഷികൾ ചെറിയ ചെറിയ വീടുകൾ വിണ്ണിനെ മനോഹരിയാക്കുന്ന മേഘങ്ങളും അസ്തമയ സൂര്യനും . അത് താജ്മഹലിന് ഒരു പതിവ്രതയുടെ നെറ്റിയിൽ എന്നപോലെ സിന്ദൂര രേഖ അണിയിക്കുന്നു. അകലങ്ങളിൽ മൂടൽമഞ്ഞ് വിരിയുന്നു അത് ആഗ്രയെ തന്നെ തണുത്ത പ്രതലത്താൽ അനുഗ്രഹീതയാക്കുന്നു. അച്ഛൻ ഡ്യൂട്ടിക്കു ശേഷം ആ നഗരം വിട്ടുപോരുമ്പോൾ ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. ഒരു തിരിച്ചു വരവ് . വീണ്ടും ആ പ്രണയത്തിൻറെ താഴ്വരയിലേക്ക്. അനുരാഗത്തിന്റെ ശ്രീത്വം വിളങ്ങുന്ന ആ വെണ്ണക്കൽ കൊട്ടാരത്തിലേക്ക്.



**ROSHINI RK 8 J**

# SCHOOL ACTIVITY @ 2022 -2023










*Winning an award is always a special moment....*

# LITTLE KITE
# സബ്ജില്ലാ ക്യാമ്പ്






**Saneena P (9 B )**
**അനിമേഷനിൽ ജില്ലാ ക്യാമ്പിലേക്ക് സെലക്ഷൻ നേടി**

# ഇ.എം.എസിന്റെ നാട്ടുവഴികളിലൂടെ



Adrija 8 F

ഏലംകുളം എന്ന സ്ഥലനാമം വന്നതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ ആ വാക്കിലുള്ള ഏലം , കുളം എന്നിവയുമായൊന്നും സ്ഥലപ്പേരിന് ബന്ധമില്ല എന്നാണ് മനസ്സിലാകുന്നത്. ഇതിന് ആസ്പദമായുള്ള എടുത്തു പറയത്തക്ക വലിയ കുളം ഇവിടെ ഇല്ല. ഏലംകുളം മന എന്ന വലിയ ജന്മികുടുംബത്തിന്റെ പേരുമായി ബന്ധപ്പെട്ടാണ് ഈ പ്രദേശം ഏലംകുളം എന്നറിയാൻ തുടങ്ങിയത് എന്നാണ് അറിയാൻ കഴിയുന്നത്. സമീപ പ്രദേശമായ മുതുകുറുശ്ശിക്ക് ആ പേര് വന്നത് മണ്ണാർക്കാട് നിന്ന് ജന്മികുടുംബമായ മുതുകുറുശ്ശിക്ക് ആ പേര് വന്നത് മണ്ണാർക്കാട് നിന്ന് ജന്മികുടുംബമായ മുതുകുറുശ്ശി മനക്കാർ ഇവിടേക്ക് വന്നതിനെ തുടർന്നാണ്.

പരദേശബന്ധം :

ഇ.എം.എസ് നമ്പൂതിരിപ്പാട് സ്വാതന്ത്ര്യസമരസേനാനികളുമായും കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല നേതാക്കളുമായും അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. അവരിൽ പലരും ഇവിടം സന്ദർശിച്ചിട്ടുണ്ട്. നിലമ്പൂർ കാടുകളിലെ തേക്ക് ബ്രിട്ടണിലേക്ക് കൊണ്ടു പോകുന്നതിന് ഷൊർണ്ണൂർ - നിലമ്പൂർ റെയിൽവേ ലൈൻ ഉണ്ടാക്കുന്നതിന് അനുവാദം കിട്ടാൻ ഉടമയായ ജന്മിക്ക് ബ്രിട്ടീഷ് എഞ്ചിനീയർ മനയിൽ വന്ന് 40000 രൂപ കൊടുത്ത ഒരു ചരിത്രം ഉണ്ട്.1970 മുതൽ ജോലി തേടി ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലേക്ക് ഇവിടെ നിന്നും ഒട്ടേറെപ്പേർ പോയിട്ടുണ്ട്. ഈ പ്രവാസികളുടെ സമ്പാദ്യമാണ് ഈ ഗ്രാമത്തിന്റെ പുരോഗതിക്ക് ഒരു മുഖ്യകാരണം.

ഭൂമിശാസ്ത്ര പ്രത്യേകതകൾ :

ഏലംകുളം ഗ്രാമത്തിന്റെ തെക്ക്,പടിഞ്ഞാറ് അതിർത്തികളിൽ കൂടി കുന്തിപ്പുഴ ചുറ്റി ഒഴുകുന്നു. ഇവിടെ മലപ്പുറം, പാലക്കാട് ജില്ലകളെ വേർതിരിക്കുന്ന അതിര് കൂടിയാണ് ഈ പുഴ. വടക്കുഭാഗം പൊതുവെ ഉയർന്ന പ്രദേശമാണ്. ചെലാമല, പീരട്ടാമല എന്നിവയാണ് വടക്കെ അതിരിലുള്ളത്. പൊതുവെ നിരപ്പായികിടക്കുന്ന ഈ പ്രദേശം വിവിധതരം കൃഷിക്ക് അനുയോജ്യമാണ്. കുന്നക്കാവ്, മുതുകുറുശ്ശി, ചെറുകര, പുളിങ്കാവ്, കട്ടുപ്പാറ എന്നിവയാണ് കിഴക്ക്, വടക്ക് ഭാഗങ്ങളിലുള്ള സമീപ സ്ഥലങ്ങൾ. തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ കുന്തിപ്പുഴക്ക് അപ്പുറം പാലക്കാട് ജില്ലയിൽ ഉൾപ്പെട്ട മപ്പാട്ടുകര, നാട്യമംഗലം എന്നീ സ്ഥലങ്ങളാണ്. പെരിന്തൽമണ്ണയിൽ നിന്ന് ഉത്ഭവിച്ച് ഒഴുകി വരുന്ന കക്കാട്ട് തോട് എന്ന് വിളിക്കുന്ന ഒരു വലിയതോട് ഏലംകുളത്തു കൂടി ഒഴുകി ഇവിടെ കുന്തിപ്പുഴയിൽ പതിക്കുന്നു.

ജനജീവിതം :

ഏലംകുളം ഗ്രാമത്തിൽ ഏകദേശം 2000 വീടുകളിലായി 10000 ത്തിനടുത്ത് ആളുകൾ വസിക്കുന്നു. ഭൂമിശാസ്ത്രപരമായി വിവിധ കൃഷിക്ക് പറ്റിയ സ്ഥലമായതുകൊണ്ടും പുഴയോട് ചേർന്നു കിടക്കുന്നതിനാൽ ജലസേചനസൗകര്യം കൂടുതൽ ഉള്ളതു കൊണ്ടും കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകളിലാണ് കൂടുതൽ പേരും ഏർപ്പെട്ടിരിക്കുന്നത്. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരും ഉദ്യോഗസ്ഥരും മറ്റ് വിവിധ ജോലി ചെയ്യുന്നവരും ഇവിടെ ധാരാളം ഉണ്ട്. മൺപാത്രനിർമ്മാണം, മുളകൊണ്ട് കുട്ട, പരമ്പ് നിർമ്മാണം എന്നീ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏകദേശം 25 കുടുംബങ്ങൾ ഇവിടെ ഉണ്ട്. ചെറുകിട കച്ചവടം, ചെറിയ ചില വ്യവസായ സ്ഥാപനം എന്നിവയിലും കുറച്ച് ആളുകൾ ഏർപ്പെട്ടിട്ടുണ്ട്.

സംഭാവനകൾ :

സ്വാതന്ത്ര്യ സമര സേനാനിയും ലോകപ്രശസ്തനായ കമ്യൂണിസ്റ്റ് ആചാര്യനും,ആദ്യകേരള മുഖ്യമന്ത്രിയുമായ സഖാവ് ഇ.എം.എസിന്റെ ജനനം ഏലംകുളത്തെ ചരിത്രപ്രസിദ്ധമാക്കി.സാഹിത്യരംഗത്ത് ഏലംകുളത്തു നിന്നും ആദ്യമായി പ്രശസ്തനായ വ്യക്തി 'സുധാകരൻ തേലക്കാട് ' ആണ്. 1965ൽ 27 - ആം വയസ്സിൽ നിര്യാതനായ അദ്ദേഹം അതിനകം തന്നെ മുന്നൂറിൽ പരം കവിതകൾ എഴുതിയിരുന്നു. അകാലമരണം സംഭവിച്ചില്ലായിരുന്നെങ്കിൽ മലയാളത്തിന്റെ പ്രമുഖ കവി നിരയിലെക്കുയരുമായിരുന്നു.സുധാകരൻ തേലക്കാടിന്റെ വെളിച്ചത്തിന്റെ പരാജയം, ഗ്രാമത്തിലെ വസന്തം എന്നീ കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി കഴിഞ്ഞ വർഷം അദ്ദേഹത്തിന്റെ സമ്പൂർണ്ണ കവിതാ സമാഹാരം പ്രസിദ്ധീകരിച്ചത് നമുക്കെവർക്കും അഭിമാനകരമാണ്.അധ്യാപക പ്രസ്ഥാനത്തിന്റെ സംസ്ഥാനസെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭാ ചെയർമാൻ എന്നീ നിലകളിൽ പ്രസിദ്ധനായിരുന്ന R.N.മനഴി മാസ്റ്റർ, നാടകരംഗത്ത് പ്രശസ്തനായിരുന്ന T.C. വാസുദേവൻ, സാഹിത്യ മേഖലയിൽ ഇപ്പോഴും സജീവ സാന്നിധ്യമായ V.P.വാസുദേവൻ എന്നിവർ നമ്മുടെ ഗ്രാമത്തിന്റെ അഭിമാനമാണ്.സിനിമാ രംഗത്ത് ധ്വനി, മാന്യമഹാജനങ്ങളെ, അത്തം ചിത്തിര ചോതി തുടങ്ങിയ സിനിമകളുടെ സംവിധാനം നിർവഹിച്ച A.T.അബുവും ഏലംകുളത്തുക്കാരനാണ്.

വാണിജ്യ-വ്യവസായരംഗത്ത് നിറഞ്ഞുനിൽക്കുന്ന ഏലംകുളത്തെ പ്രമുഖരായ വ്യക്തികളാണ് മലബാർ ട്രേഡേഴ്സ് ഉടമ യൂസഫ്, ചമയം ടെക്സ്റ്റൈൽ ഉടമ വാപ്പു എന്നിവർ. പന്തൽ സാധനങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്ന മലബാർ ട്രേഡേഴ്സിൽ ഈ പ്രദേശത്തെ 500 പേരിലധികം പേർ ജോലി ചെയ്യുന്നത് പ്രത്യേകം സൂചിപ്പിക്കേണ്ട ഒരു കാര്യമാണ്.കുന്തിപ്പുഴയിൽ നിന്നുള്ള ജലസേചന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക രംഗത്ത് വലിയ തോതിൽ ഉത്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അരിക്ക് വലിയ ക്ഷാമം നേരിട്ടിരുന്ന 1970കൾ മുതൽ വേനലിൽ ഉൾപ്പെടെ ഇവിടത്തെ പാടങ്ങളിൽ വർഷത്തിൽ 3 തവണ നെൽകൃഷി ചെയ്തിരുന്നു.

# കടം കഥകൾ



**ARDRA JAYAN 10 I**

- വീട്ടിലെ കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ : അടുപ്പ്
- വെട്ടും തോറും വളരും ഞാൻ : തലമുടി
- വെള്ളച്ചാരെ മാറിയിരുത്തി , പോപ്പൻമാരെ കേറ്റിയിരുത്തി : ചാരം വാരി തീ കുട്ടി
- വെള്ളമതിലിനുള്ളിൽ ഒരു വെള്ളി വടി : വാഴപ്പിണ്ടി
- വെള്ളിക്കിണ്ണത്തിൽ ഞാവൽ പഴം : കണ്ണ്
- വേലിപ്പൊത്തിലിരിക്കും രക്നം : മിന്നാമിനുങ്ങ്
- വലവീശും ഞാൻ മുക്കുവനല്ല, നൂൽ നൂൽക്കും ഞാൻ വിൽക്കാറില്ല : ചിലന്തി
- വായില്ല നാക്കുണ്ട് നാക്കിൻമേൽ പല്ലുണ്ട് : ചിരവ
- വലില്ലാത്തമ്മയ്ക്ക് വാലുള്ള മക്കൾ : തവള
- വില്ലാണ് പക്ഷെ ഞാൻ ഇല്ല കെട്ടിൻ : മഴവിൽ
- വീട്ടുലും നിർത്തില്ല നാട്ടിലും നിർത്തില്ല : പേപ്പട്ടി
- വട്ടത്തിൽ ചവിട്ടിയാൽ നീളത്തിൽ ഓടും : സൈക്കിൾ
- വട്ടി എടുത്താൽ കാള ഓടും : വഞ്ചി
- വരുമ്പോൾ കറുത്തിട്ട് പോകുമ്പോൾ വെളുത്തിട്ട് : തലമുടി
- വരുമ്പോൾ ചുവന്നിട്ട് പോകുമ്പോൾ കറുത്തിട്ട് : മൺകലം
- മുള്ളിനുള്ളിലെ സുന്ദരികൾ : റോസാ പുഷ്പം
- മുള്ളില്ലാത്ത പുറം കാട്ടിൽ എല്ലില്ലാത്ത ഒരു എലിക്കുഞ്ഞ് : പേൻ
- മുള്ളുണ്ട് മുരുക്കല്ല കയപ്പുണ്ട് കാഞ്ഞിരമല്ല : കയപ്പ
- മുള്ളുണ്ട് മുരുക്കല്ല വാലുണ്ട് പശു വല്ല : ചക്ക
- മുറ്റത്തെ ചെപ്പി നടപ്പില്ല : കിണർ
- മുന്ന് ചിറകുള്ള വവ്വാൽ : സീലിങ് ഫാൻ
- മേലേ വീട്ടിലെ മുത്തശ്ശ്യമ്മേടെ പൊട്ടിച്ചിരിയും പേടിപ്പിക്കും : ഇടിയും മിന്നലും
- മക്കൻ അറക്കകത്ത് , അമ്മ പുരക്ക് പുറത്ത് : നെല്ലും വൈക്കോലും
- മണ്ണിനടിയിലെ പൊന്നമ്മ : മഞ്ഞൾ
- മണ്ണിൽ മുളക്കാതെ മരത്തിൽ കയറും : ചിതൽ

# ദാരിദ്ര്യം



അഫ്സല 9 A

അവളുടെ കൈകളിൽ നിന്ന് വീണ പാത്രത്തിന്റെ ശബ്ദം കേട്ടപ്പോളാണ് അവൾ തന്റെ ഭൂതകാല ഓർമകളിൽ നിന്ന് മടങ്ങി വന്നത് .

"അമ്മേ എനിക്ക് വിശക്കുന്നു "

മീനു കരഞ്ഞ് കൊണ്ട് അവളോട് പറഞ്ഞു . അവളുടെ മകളുടെ ആ കരച്ചിൽ അവൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അവൾ തന്റെ കുഞ്ഞിന്റെ വിശപ്പ് മാറ്റാനായി എന്ത് ജോലിയും ചെയ്യാൻ സന്നദ്ധയായിരുന്നു. തന്റെ കുഞ്ഞിന്റെ വിശപ്പ് അകറ്റാൻ ആയി തുച്ഛം എങ്കിലും വരുമാനം കിട്ടുന്ന എന്ത് ജോലിയും ചെയ്തിരുന്നു. എന്നിട്ടും ഒരു നേരംപോലും നേരാവണ്ണം ഭക്ഷണം കഴിക്കാൻ ഉള്ള വക പോലും അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ല. അവൾ പലചരക്കു കട നടത്തിയിരുന്ന ശങ്കരൻ കുട്ടിയുടെ കടയിൽ നിന്ന് പലപ്പോഴും കടമായി അരിയും മറ്റും വാങ്ങി പോന്നു.പലപ്പോഴും ആ കടം തീർക്കാൻ പോലും അവളുടെ ശമ്പളം തികഞ്ഞിരുന്നില്ല.

" യോ നന്ദിനി, ഇങ്ങനെ സാധനങ്ങൾ വാങ്ങി വാങ്ങി പറ്റ് പുസ്തകം കുന്നുപോലെ നിറഞ്ഞിട്ടുണ്ട് " ശങ്കരൻകുട്ടി ഒരിക്കൽ പറഞ്ഞു.

അങ്ങനെ തട്ടിയും മുട്ടിയും കാലങ്ങൾ കടന്നു പോയി. ദാരിദ്ര്യത്തിലും അവൾ തന്റെ മകൾക്ക് വിദ്യാഭ്യാസം നല്കാൻ ശ്രമിച്ചു. എന്നെങ്കിലും തങ്ങളുടെ കഷ്ടപ്പാട് മാറും എന്ന് കരുതികൊണ്ട് അവർ ജീവിച്ചുപോന്നു. ഒരു ദിവസം നന്ദിനി ശങ്കരൻകുട്ടിയുടെ കടയിലേക്ക് സാധനങ്ങൾ വാങ്ങാനായി പോയി. "നിങ്ങൾക്കു ഇനി ഇവിടെ നിന്ന് ഒന്നും കടം തരുകയില്ല. ഇനി രൊക്കം പണം തരിക. കടം എന്ന ഏർപ്പാട് ഞാൻ നിർത്തി. നീ ഉപ്പും തവിടുമായി തരുന്ന പണം എനിക്ക് ഉപയോഗപെടുന്നില്ല. " ശങ്കരൻ കുട്ടി ദേഷ്യത്തോടെ പറഞ്ഞു. നന്ദിനിയെ അത് കൂടുതൽ വിഷമത്തിലാക്കി. മുന്നോട്ടുള്ള ജീവിതം ഒരു ചോദ്യ ചിഹ്നമായി അവളുടെ മുൻപിൽ തൂങ്ങിയാടി. എന്നിട്ടും അവൾ തന്റെ മീനുട്ടിക്കായി എങ്ങനെയൊക്കെയോ ജീവിതം കരക്ക് എത്തിച്ചു കൊണ്ടേ ഇരുന്നു .

വർഷങ്ങൾ വീണ്ടും മുന്നോട്ട് ... മീനുവിന്റെ പഠനമെല്ലാം കഴിഞ്ഞ് അവൾക്കു നല്ലൊരു ജോലി തന്നെ ലഭിച്ചു . അങ്ങനെ മെല്ലെ മെല്ലെ അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ടു തുടങ്ങി പതിയെ അവർ സ്വന്തമായി ഒരു വീട് പോലും സമ്പാദിച്ചു. എന്നാൽ കാലത്തിന്റെ പുരോഗമനത്തിനൊത്തു ജീവിതം കരുപിടിപ്പിക്കാനാകാതെ ശങ്കരൻ കുട്ടിയുടെ കടയിലെ പഴയ പ്രതാപം നിലച്ചു. പുതിയ സൂപ്പർ മാർക്കറ്റ് കെട്ടിടങ്ങൾ കൊടികുത്തി വാണു. ഇന്ന് ശങ്കരൻ കുട്ടി തന്റെ മകളുടെ വിദ്യാഭ്യാസത്തിനുള്ള പണത്തിനായി നെട്ടോട്ടം ഓടുകയാണ് .

" അമ്മേ.... അമ്മേ.. എന്താണ് ആലോചിക്കുന്നത് ഏറെ നേരമായല്ലോ "

മീനു വിളിക്കുമ്പോഴാണ് നന്ദിനി തന്റെ പഴയ ഓർമകളിൽ നിന്ന് തിരിച്ചു വന്നത്. ശങ്കരൻ കുട്ടിയുടെ മകളുടെ വിദ്യാഭ്യാസ ചിലവ് ഏറ്റെടുക്കാൻ അവൾ തന്റെ മകളോട് ആവശ്യപ്പെട്ടു. മീനു സന്തോഷത്തോടെ സമ്മതിച്ചു.നന്ദിനിയുടെ മനസ്സിൽ അപ്പോഴും മറ്റൊരു പൊൻപുലരിയുടെ പ്രത്യാശ തുള്ളികളായി പെയ്തു കൊണ്ടേയിരുന്നു .














# പെരിന്തൽമണ്ണ സബ്ജില്ല കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയവർ







# പെരിന്തൽമണ്ണ സബ്ജില്ല കലോത്സവത്തിൽ ഒന്നാം സ്ഥാനം ജി എച്ച് എസ് എസ് കുന്നക്കാവ് നേടി







# സമൂഹമാധ്യമങ്ങളും യുവതലമുറയും

ഇപ്പോഴത്തെ യുവതലമുറ, അഥവാ നാമെല്ലാവരും ഓമനപ്പേരിട്ട് വിളിക്കുന്ന 'ന്യൂജനറേഷൻ'. നമ്മുടെ പിൻഗാമികളായി വരേണ്ട നമ്മുടെ മക്കൾ അവരുടെ ഭാവിയെ സുരക്ഷിതമാക്കേണ്ട മുൻകരുതലുകൾ എടുക്കുന്നുണ്ടോ.. അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കുന്നത് എന്ത്?? ഇതിന് ഒരു ഉത്തരം മാത്രം...

' "സമൂഹമാധ്യമങ്ങങ്ങൾ "

യഥാർത്ഥത്തിൽ ഇന്ന് നാം എന്ത് ഭക്ഷണം കഴിക്കണം,എന്ത് വസ്ത്രം ധരിക്കണം, എന്നെല്ലാം തീരുമാനിക്കുന്നത് സമൂഹമാധ്യമങ്ങളാണ്.ഉൾക്കൊള്ളാൻ പ്രയാസമെങ്കിലും ഇതിനു വളരെയധികം പ്രസക്തിയുണ്ട് .നമ്മുടെ കുട്ടികൾ ഇവയുടെ ഭാവിഷ്യത്തു തിരിച്ചറിയുന്നില്ല .ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൈബർ ക്രൈം നടക്കുന്നതും രേഖപ്പെടുത്തുന്നതും നമ്മുടെ ഈ കൊച്ചു കേരളത്തിൽ ആണ്. വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം.. തുടങ്ങി നിരവധി മാധ്യമങ്ങളിൽ ജീവിതം കശക്കിയെറിയാൻ തയാറായി പതുങ്ങിയിരിക്കുന്നു.

ഓൺലൈൻ ക്ലാസുകൾഅതിനൊപ്പം വരുന്ന മറ്റു പല ലിങ്കുകളും എത്രത്തോളം അപകടകാരികളാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക.. തങ്ങൾ മുതിർന്നു കഴിഞ്ഞു എന്ന മിഥ്യധാരണ ആണ് പല കൗമാരക്കാരെയും അപകടങ്ങളിൽ കൊണ്ടെത്തിക്കുന്നത്. “Generation gap” എന്ന് ഓമനപ്പേരിട്ട് വിളിച്ച അച്ഛനമ്മമാരുടെ ഉപദേശങ്ങൾ അവർ കാറ്റിൽ പറത്തുന്നു. ദൂഷ്യഫലമാക്കുന്ന ഗർത്തത്തിലേക്ക് അവൻ താഴുകയും ചെയ്യുന്നു. ഇനി വരുന്ന തലമുറയുടെ സുരക്ഷയ്ക്കായി നമുക്ക് ഒരുങ്ങാം

ഒരു നല്ല നാളെക്കായി നല്ല ചുവടുകൾ മാത്രം പിന്തുടരാം.



ARYA 8 J



# زندگی کے رہنما

زندگی کے مطلب یہ ہے کہ
مام کے پیٹ سے شروع کر
چھ فٹ مٹی میں ختم ہوا
ایک کٹی صفر ہے یہ زندگی

اس میں کئی لوگوں کو دیکھتا ہے
اس میں کئی خاتوں کو سنتا ہے
اس میں کئی  مشکلوں سامنا کریں
اس میں کئی دردوں تحربہ کریں

اس سفر کے رہ گزر میں
بہت کئی ہے بھیڑ بھاڑ
اس ہے زندگی کی دردوں
اور زندگی کی مشکلوں

اس میں ہے ایک روشنی
وہ ہی ہے ہماری رہنما
وہ ہم کو منزل فرا ہم کرے کا
اس روشنی ہے ہماری ماں باپ

اب اس روشنی چلی گئی
من کے خشی بھی چلی گئی
نہ جانے کیسے آگے چلوں
نہ جانے کیسے پورا کروں

اس روشنی کے بعیر یہ  صفر
آگے چلنے کو بہت ہے مشکل
لیکن آگے چلنا ضروری ہے
مشکلوں سامنا کرنا ضروری ہے

وہ راستے کے اندھیرے کو ہمیں
کیسے نہ روشنی سے سامنا کرو
خدا ہے وہ ہے ہمارے رہنما
اب سے وہ وہ ہے ہمارے رہنما



ASHEEQA C 10 C



SAHAD T

# نشأة اللغة العربية في ولاية كيرالا- الهند

إن ولاية كيرالا تقع بعيدة عن الأقطار العربية إلا أنها مرتبطة باللغة العربية وحضارتها وثقافتها منذ قرون طويلة. وقد أنجبت كثيرا من الشعراء والأدباء والكتاب في الأدب العربي مع أن أهلها ينطقون بلسان غير العربية، حتى أن هذه اللغة تدرس على جميع المراحل من المستوى الإبتدائي إلى مستوى الجامعات حتى البحوث.

كيرالا ولاية صغيرة في الجمهورية الهندية تقع بساحل البحر العربي. والعرب هم الذين أطلقوا عليها اسم مليبار. ويعيش فيه كثير من الناس من مختلف أديان. والأغلبية منها الهنادكة ثم المسلمون والنصارى. ولم يكن للغة مليالم خط يعرفه العوام فكتب المسلمون أمورهم الدينية في تلك اللغة مستعملين الخط العربي وعرفت هذه فيط بعد بالعربية المليالمية. وتعلموا اللغة العربية كي يقدروا قراءة القرآن والحديث الشريف. وكان لأهل كيرالا علاقة مع العرب فقربها من البحر سهل نزول التجار بها عن طرق البحر وتاريخ تجارة كيرالا العربية يبتدأ منذ عصر سليمان عليه السلام .

ولما ظهر نور الإسلام في الجزيرة العربية انتشرت اشعته في سواحل كيرالا بواسطة تجار العرب. وبعضهم استوطنوا سواحلها وتزوجوا من نسائها فتولد فيهن جيل جديد سماه الأهالي ب "مابلا" آباءهم العرب وأمهاتهم نساء كيرالا. تعاشروا مع الهنادكة معاشرة حسنة. وأسلم بعضهم ومنحوا للمسلمين الأراضي مجانا للسكن ولبناء المساجد . وقد قدم إلى ولاية كيرالا كثيرا من الدعاة المسلمين ومنهم قدوم السيد مالك بن دينار فانتشر الإسلام في أنحاء بلاد كيرالا.

للغة العربية علاقة وثيقة بالإسلام يتعلمها المسلم لقراءة القرآن ودراسة الأحكام الدينية وكان مسلمو كيرالا يتعلمون اللغة العربية من الكتاتيب الإبتدائية ثم من المساجد. ولما شرعة الحكومة البريطانية في الهند دراسة القرآن في المدارس الحكومية لجذب الطلبة المسلمة إلى المعارف العصرية عينوا في كيرالا المعلمين لتعليم العربية وهذه الدراسة تقدمت شيئا فشيئا حتى في أغلب المدارس المدنية في كيرالا تسهيلات لتعلم اللغة العربية.

انتشار اللغة العربية في كيرالا متعلق بعدة أمور مثل تاريخ تجارة العرب بكيرالا واستيطان العرب فيها واسلام جيرمان فرمال وقدوم مالك بن دينار والدروس المساجدية والمدارس الدينية والحركات المدرسية والكليات العربية واللغة العربية في المدارس الحكومية وفي مستوى الجامعة ومؤلفات اللغة العربية القديمة والحديثة والمؤسسات والجمعيات الإسلامية ومساهمات المنظمات في تطور اللغة العربية وجهود الزعماء السياسيين في ترقية اللغة العربية .

وقد تم تأليف عدة كتب قيمة ثمينة في اللغة العربية في ولاية كيرالا منها: فتح المعين بشرح قرة العين، تحفة المجاهدين، تحريض أهل الإيمان على جهاد عبدة الصلبان، هداية الأذكياء، مرشد الطلاب، إرشاد العباد، مقاصد النكاح، السيف البتار، إلى كم أيها الإنسان، وفتح المبين، قصيدة صلى الإله، الهمزية النبوية، مصابيح الكوكب الذرية وهكذا ساعد هذه المؤلفات في نمو اللغة العربية في ولاية كيرالا.

وقد تم تأسيس عدة حلقات الدروس والكليات العربية في ولاية كيرالا، وهكذا تم تحويل بعض حلقات الدروس إلى الكليات ايضا ومن المؤسسات التعليمية الأولى في الولاية :حلقات الدروس بفوناني، كلية دار العلوم بوازكاد ، كلية روضة العلوم بفاروقاباد، وكلية مدينة العلوم ببوليكال، وكلية سلم السلام بأريكوت وكلية جامعة نورية عربية ببادبكاد، وكلية جامعة إسلامية بشاندبورام، وجامعة دار الهدى بشيماد، وما إلى ذلك هكذا تم تأسيس عدة جامعات وكليات في نفس الولاية وهذا العمل ساعد في انتشار اللغة العربية في الولاية.

وقد أنجبت ولاية كيرالا عدد من العلماء المشهورين في العالم العربية منهم : الشيخ زين الدين المخدوم الكبير، والشيخ زين الدين المخدوم الصغير، والشيخ قاضي عمر بلنكوتي، والشيخ السيد علوي المنفرمي، والشيخ علي مسليار، والقاضي محمد كاليكوتي، والشيخ محي الدين الوائي، والشيخ وكم عبد القادر مولوي، ابو الصباح أحمد مولوي، وعمل هذا العلماء في نشر اللغة العربية والدين الإسلام في ولاية كيرالا وبعض منهم ساهم في الحركة الوطنية للإستقلال الهندي .

وهكذا ساعد المنظمات والجمعيات الدينية في نشر اللغة العربية في ولاية كيرالا وبخلاص القول على الرغم من ان ولاية كيرالا بعيدة عن البلاد العربية واللغة العربية نشرت ونشأت في الولاية على مر العصور بتأثرات الأسباب المذكورة واختم هذا المقال بدعاء وفقنا الله لخدمة الإسلام واللغة العربية وأن يجعلنا من المسلمين الفائزين .. آمين


യു.എസ്.എസ് പരീക്ഷയിൽ
കുന്നക്കാവ് ഹൈസ്കുളിന്
ചരിത്ര വിജയം
പെരിന്തൽമണ്ണ ഉപജില്ലയിൽ തുടർച്ചയായി
മൂന്നാം തവണയും ഒന്നാമത്
NIVEDYA DAS.KP
ASHIFA.C
FATHIMA SHIFA.C
SHAHMA.CP
AMANA.V
ARYA.A
ROSHNI.RK
SIVANI.M
RAFA.V
MUHAMMED SHAHBAS.E









# WORLD CUP 2022

- പ്രവചനമത്സരം
- ഫാൻസ് ഷോ
- വൺ മില്യൺ ഗോൾ








# ഭർതൃ വീട്ടിൽ ബലിയാടാവുന്ന പെൺകുട്ടികൾ



Chandra theertha 10 A

സ്വന്തം വീട്ടിൽ പൂമ്പാറ്റകളെ പോലെ പാറി കളിച്ചു നടന്നിരുന്ന പെൺകുട്ടികൾ കല്യാണം കഴിയുന്നതോടെ പൂമ്പാറ്റകൾ ചിലന്തിവലയിൽ കുടുങ്ങിയ പോലെ ബന്ധനത്തിലാവുന്നു. ഈ ബന്ധനത്തിന് കാരണം നമ്മൾ ജീവിക്കുന്ന ഈ സമൂഹമാണ്. നമ്മളുടെ ജീവിതം തന്നെ സമൂഹത്തെ ഭയന്നാണ്.ഇതേ സമൂഹം തന്നെ ഇത്തരത്തിലുള്ള ബന്ധനത്തിന് വഴി തെളിയിക്കുകയും ചെയ്യുന്നു. കല്യാണം കഴിച്ചുകൊണ്ട് പോയ വീട്ടിൽ നിന്നും സ്വന്തം വീട്ടിൽ ഒറ്റക്ക് കുറച്ച് ദിവസം വന്നു നിക്കുമ്പോൾ തന്നെ തുടങ്ങും നാട്ടുകാരുടെ ചോദ്യവും പറച്ചിലും: 'അവിടന്ന് തെറ്റി പോന്ന് നിക്കാവും ലേ". ഇനി അവിടുന്ന് എന്തെങ്കിലും കാരണം കൊണ്ട് തന്നെ ആവട്ടെ വന്നു നിൽക്കുന്നത് അപ്പോൾ പറയും: "എന്ത് നല്ല പയ്യനും വീട്ടുകാരും ആണ്.. പെണ്ണിന്റെ സ്വഭാവം അത്രക്ക് ഉണ്ടാവും" സത്യം എന്തെന്ന് തിരിച്ചറിയാൻ ആരുംമെനക്കെടാറില്ല എന്നത് മറ്റൊരു വസ്തുത. എല്ലാവരും അവരുടെ വിചാരങ്ങൾ മുൻനിർത്തി കഥകൾ മെനയും. ഭർതൃ വീട്ടിൽ നിന്നുള്ള ഗാർഹിക പീഡനങ്ങൾക്കുള്ള ഒന്നാമത്തെ കാരണം 'സ്ത്രീധനം'. സ്ത്രീ തന്നെയാണ് ധനം എന്ന് നൽകുന്നവരും വാങ്ങുന്നവരും മറക്കാതെ മറക്കുന്നു. സമൂഹം തന്നെ ഇവിടെയും വില്ലൻ.

സ്ത്രീധനം ഒരു നാട്ടുനടപ്പാണ്. കൊടുത്തില്ലെങ്കിലോ വാങ്ങിയില്ലങ്കിലോ ആളുകൾ എന്ത് വിചാരിക്കും എന്ന വിചാരിക്കും എന്ന ചിന്തയാണ് തുടച്ചു നീക്കേണ്ടത്. സ്ത്രീധനനിരോധനആക്ട് പ്രാബല്യത്തിൽ വന്നെങ്കിൽ കൂടി പലരും അതിന്റെ പ്രാധാന്യം മുഖവിലയ്ക്ക് എടുത്തിട്ടില്ല.

കല്യാണം കഴിഞ്ഞാൽ പെൺ വീട്ടുകാരോട് നാട്ടുകാരുടെ ഒരു ചോദ്യം :'കുട്ടിക്ക് എന്ത് കൊടുത്തു?..." 'ഞങ്ങൾക്കുള്ളതെല്ലാം അവൾക്കല്ലേ.. ഇനി പ്രത്യേകിച്ചു എന്തെങ്കിലും കൊടുക്കണം എന്ന് ഞങ്ങൾക്ക് തോന്നിയിട്ടില്ല.' എന്ന് പറയാൻ മാതാപിതാക്കൾ പറയാൻ പഠിക്കേണ്ടതുണ്ട്. എന്നാൽ പകരം ആർഭാടം കാട്ടി 100 പവനും ഒരു കാറും പിന്നെയും ഒരു നീണ്ട പട്ടിക തന്നെ കൊടുക്കാൻ തയ്യാറായവർ ഇപ്പോഴുമുണ്ട് . അച്ഛന്റെയും അമ്മയുടെയും മാലാഖ കുട്ടിയായ അവൾ പക്ഷേ കല്യാണം കഴിഞ്ഞു പോയ വീട്ടിൽ ഒരുപക്ഷെ ഒരു അടിമക്ക് സമാനമായിരിക്കും.

യുവാക്കൾക്ക് ആണ് മാറ്റം വരേണ്ടത്. സ്വന്തം ഭാര്യയെ വേറെ ആരെങ്കിലും നോവിക്കുമ്പോൾ അത് തടയേണ്ടത് ഭർത്താവിന്റെ കടമയാണ്. അല്ലാതെ നോവിക്കുന്നവരുടെ കൂടെ കൂടുകയല്ല ചെയ്യേണ്ടത്. പെട്ടന്നൊരു സുപ്രഭാതത്തിൽ വന്ന് ചായ കുടിച്ച് കല്യാണം കഴിക്കുന്നത് മാറ്റി സ്വന്തം ജീവിത പങ്കാളിയെ തെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നാം അവർക്ക് കൊടുക്കണം. 18 വയസ്സ് തികഞ്ഞാൽ കല്യാണം കഴിപ്പിച്ചു കൊടുക്കുന്നത് മാറ്റി നല്ല വിദ്യാഭ്യാസവും ഒരു ജോലിയും കിട്ടുന്നത് വരെ അവർ സ്വാതന്ത്രരായി ജീവിക്കട്ടെ

1961-ലാണ് സ്ത്രീധന നിരോധന നിയമം നിലവിൽ വന്നത്. പക്ഷെ ഇപ്പോഴും കൊല്ലത്തിലെ സ്ത്രീധന മരണ കണക്കു വര്ഷാവര്ഷഎം കൂടുന്നതല്ലാതെ കുറയുന്നില്ല. ആവശ്യമില്ലാത്ത ഈ "സമൂഹഭയം " നമുക്ക് അവസാനിപ്പിക്കാം. ഇനിയുള്ള തലമുറയെ നമ്മൾ വിദ്യാ സമ്പന്നരാവുക, വിദ്യ കൊണ്ട് പ്രബുദ്ധരാവുക. സ്ത്രീധനം എന്ന സമ്പ്രദായത്തിന് വരും തലമുറയെങ്കിലും അറുതി വരുത്തുമെന്ന പ്രതീക്ഷയോടെ



# ഞാൻ മരിച്ച കഥ



FATHIMA LIYA 9 F

ഞാൻ മരിച്ചിരിക്കുകയാണ്.

എന്റെ ശിരസ്സിനടുക്കൽ തളർന്നിരിക്കുന്ന അമ്മ, അവർ നിയന്ത്രണം ഇല്ലാതെ പൊട്ടിക്കരയുകയാണ്.കൂടെ സ്വബോധമില്ലാതെ എന്തൊക്കെയൊ പിറുപിറുക്കുന്നുമുണ്ട്. എന്റെ നെഞ്ചത്ത് അമരുന്ന പ്രിയ പത്നിയുടെ ദുഃഖഗീതം എന്റെ കാതിൽ മുഴങ്ങുന്നുണ്ട്. എന്റെ മരണ വേളയിൽ ഞാൻ അവസാനമായി കണ്ടത് അവളുടെ അവശമായ കരച്ചിൽ തളം കെട്ടിയ മുഖമാണ്. അച്ഛന്റെ മൗനം സങ്കടം ആയിരിക്കാം, എന്ന് ഞാൻ വിശ്വസിക്കുന്നു. മരണമറിഞ്ഞ് അതികമാരും എത്തിയിട്ടില്ല. കൂടിപ്പോയാൽ ഒരിരുപത് പേർ കാണും.

ഓർമ്മകൾ ഒരുപാട് കാലം പിന്നിലേക്ക്.എന്റെ കോളേജ് കാലം, പ്രീഡിഗ്രിക്ക് ഉയർന്ന മാർക്ക് ലഭിച്ച എനിക്ക് എൻജിനീയറിംഗ് പഠനത്തിന് അവസരം ലഭിച്ചു. ഒരു സാധാരണ ഗവൺമെന്റ് സ്കൂളിൽ പഠിച്ച ഞാൻ സ്വപ്നം പോലും കാണാത്ത ഒരവസരം . പ്രീഡിഗ്രിക്ക് പഠിച്ചിരുന്നപ്പോൾ എന്റെ അധ്യാപകനായിരുന്ന കൃഷ്ണൻ മാസ്റ്റർ ആണ് ഇതിനെ പറ്റി അറിവ്നൽകിയതും പ്രവേശന പരീക്ഷ എഴുതിപ്പിച്ചതും. മദ്രാസ് ഐ.ഐ.ടി യിൽ 92ആം റാങ്കോടെ ഞാൻ പ്രവേശനം നേടി. അവിടെ ഹോസ്റ്റലിൽ താമസമായി. അങ്ങനെ ഒരു നാട്ടിൻപുറത്തുകാരനായ ഞാൻ ഒരു നഗരവാസിയാവാൻ സ്വയം പരിശീലനം ആരംഭിക്കുകയായിരുന്നു. പഠിച്ചിറങ്ങിയാൽ പട്ടണത്തിൽ ജോലി ലഭിക്കുമല്ലോ. മുണ്ടുടുത്ത് നടക്കുന്ന എന്നെ എല്ലവർക്കും ഇഷ്ടമാവില്ലെന്ന് ഉറപ്പല്ലേ, അതിനാൽ പഠനം കൊണ്ട് മാത്രം എന്ത് കാര്യം? കുറച്ച് പരിഷ്കാരങ്ങളൊക്കെ ജീവിതത്തിൽ കൊണ്ട് വരണം. എന്റെ ചിന്തകൾ വ്യതി ചലിച്ചുകൊണ്ടേയിരുന്നു.

ഒരു വർഷം കടന്നുപോയി. എന്റെ കൂട്ടുകാരെല്ലാം വലിയ പണക്കാരുടെ മക്കളായിരുന്നു. ഒരുപാട് പണം നൽകി വീട്ടുകാർ മൂലം കോളേജിൽ പ്രവേശനം നേടിയവർ. കോളേജ് ജീവിതം ആഘോഷമാക്കാൻ എത്തിയവർ. മദ്യവും മയക്കമരുന്നുമൊക്കെയായി അവർ അവരുടെ ആഘോഷങ്ങൾ തുടങ്ങിയപ്പോൾ ഞാൻ അവരിൽ നിന്നും അകലം പാലിക്കാൻ ശ്രമിച്ചു. പക്ഷെ അവരെന്നെ നിർബന്ധിച്ച് കൂടെക്കൂട്ടി. "സന്തോഷം എന്തെന്നറിയണമെങ്കിൽ ഇടക്കെങ്കിലും ഇതൊക്കെ രുചിക്കണം". അവരെന്നോട് പലപ്പോഴും പറഞ്ഞു. നിർബന്ധം സഹിക്കാനാകാതെ ഞാൻ അത് ഒരുവട്ടം ഉപയോഗിച്ചു. എന്നാൽ അവ ഉപയോഗിച്ച കഴിഞ്ഞതും , ഇന്നേവരെ മറ്റൊന്നിൽ നിന്നും കിട്ടിയിട്ടില്ലാത്ത ഒരു സ്വർഗീയ സുഖം ലഭിക്കുന്നതായി എനിക്ക് തോന്നി.. പക്ഷെ ആ "സുഖം" എന്റെ ജീവിതം തന്നെ നശിപ്പിക്കും എന്നറിയാൻ ഞാൻ ഒരുപാട് വൈകി. പിന്നെ അതൊരു പതിവായി. സ്വാഭാവികമായും ഞാൻ പഠനം ഉപേക്ഷിച്ചു. എനിക്ക് സന്തോഷിക്കണമെങ്കിൽ പണം വേണമായിരുന്നു. അതിന് പഠനം ഒരു തടസ്സമായി തോന്നി. കിട്ടുന്ന ജോലി എന്തും ചെയ്തു പണം നേടുക. സുഖങ്ങൾ അനുഭവിക്കുക എന്നതായി എന്റെ രീതി.

വർഷങ്ങൾ പലതും കൊഴിഞ്ഞുവീണു. കാലങ്ങൾക്കു ശേഷം പഠനം പോലും പൂർത്തിയാക്കാതെ നാട്ടിൽ എത്തിയ എന്നോട് ആരും വിലകല്പിച്ചില്ല. ഒറ്റപ്പെട്ടുപോയെന്നു തോന്നിയപ്പോൾ അമ്മ ഒരു വിവാഹം കഴിപ്പിച്ചു. ഒരു പാവം പെൺകുട്ടി. വീട്ടിലെ സാമ്പത്തികസ്ഥിതി മോശമായതിനാൽ മാത്രം എന്നെ സ്വീകരിക്കേണ്ടിവന്നവൾ. ഞാൻ മൂലം അവളുടെ ജീവിതവും നശിച്ചു. വിവാഹം കഴിഞ്ഞ് മൂന്നാം മാസം കഠിനമായ വയറുവേദന കാരണം ആശുപത്രിയിൽ എത്തിയപ്പോളാണ് എന്റെ കരൾ പകുതിയും പോയിരുന്നുവെന്ന് മനസ്സിലാക്കിയത്. അങ്ങ നെകഷ്ടിച്ച് ഒരുമാസം ആശുപത്രി വാസം , ഇപ്പോ എല്ലാവരെയും വിട്ടകന്നു മരണം എന്ന മഹാസത്യത്തിനു മുൻപിൽ!!

# കപ്പ് കേക്ക്



SHIMA SHAHEEN 8J

## ആവിശ്യമുള്ള സാധനങ്ങൾ :-

- മൈദ 1,1/2കപ്പ്
- ചോളം പൊടി 2ടേബിൾ സ്പൂൺ
- പാൽ പൊടി 1 ടേബിൾ സ്പൂൺ
- ബാക്കിങ്ഹ് പൌഡർ 1,1/2ടേബിൾ സ്പൂൺ
- ബാക്കിങ്ഹ് സോഡാ 1/4ടീസ്പൂൺ
- ഉപ്പ് ഒരു നുള്ള്
- മുട്ട 2 എണ്ണം
- പാൽ 3/4കപ്പ്
- ബട്ടർ 55 ഗ്രാം
- നെയ്യ് 1,1/2ടേബിൾ സ്പൂൺ



## തയ്യാറാകുന്ന വിധം :-

ഒരു പത്രം എടുത്ത് അതിലേക്ക് 11/2കപ്പ് മൈദ, 2 ടേബിൾ സ്പൂൺ ചോളം പൊടി,1 ടേബിൾ സ്പൂൺ പാൽ പൊടി, 1 1/4ടേബിൾ സ്പൂൺ ബാക്കിങ് പൌഡർ, 1/4 ടീസ്പൂൺ ബാക്കിങ്ഹ് സോഡാ, ഒരു നുള്ള് ഉപ്പ് എന്നിവ ചേർത്ത് നന്നായി ഇളക്കി യോജിപ്പിക്കുക. 2 തവണ അരിപയിലൂടെ അരിച്ചെടുക്കുക.ഒരു ചട്ടി അടുപ്പിൽ വെച്ച് ചൂടായതിന് ശേഷം അതിലേക്ക് മാറ്റി വെച്ച 3/4കപ്പ് പാൽ, 55 ഗ്രാം ബട്ടർ, 1 ടേബിൾ സ്പൂൺ നെയ്യ് എന്നിവ ചേർത്ത് നന്നായി ഇളക്കി കൊടുക്കുക. ഇവയെല്ലാം ഇതിൽ ഒന്ന് അലിഞ്ഞു യോജിച്ചാൽ മതി.ശേഷം ഇത് മാറ്റി വെക്കുക. ഒരു ബൗൾ എടുത്ത് അതിലേക്ക് 2 മുട്ട പൊട്ടിച്ചു ഒഴിക്കുക അത് നന്നായി ബീറ്റർ /വിസ്ക് ഉപയോഗിച്ചു നന്നായി അടിച്ചെടുക്കുക

അതിനോടൊപ്പം കുറച്ചു കുറച്ചായി പൊടിച്ച പഞ്ചസാര ചേർക്കുക. പിന്നീട് അതിലേക്ക് ഒരു ടീസ്പൂൺ വാനില എസ്സെൻസ് ചേർക്കുക എന്നിട്ട് നന്നായി മിക്സ് ചെയ്യുക.അതിനു ശേഷം നേരത്തെ തയ്യാറാക്കി വെച്ച പാലിന്റെ മിശ്രതം ഇതിലേക്ക് ചേർത്ത് ഇളക്കുക പിന്നീട് മൈദ യുടെ കൂട്ട് ഇതിലേക്ക് ചേർക്കുക കുറച്ചു കുറച്ചു ഇട്ട് ഇളകി യോജിപ്പിക്കുക.

കപ്പ് കേക്ക് മോൾഡർ എടുത്ത് അതിലേക്ക് പേപ്പർ കപ്പ് വെച്ചതിന്ന് ശേഷം ഈ മിശ്രതം ഒഴിക്കുക.ചൂടായ ഓവനിൽ 20-25 മിനിറ്റ് വരേ ബേക് ചെയ്യുക.കൊറച്ചു സമയം കഴിഞ്ഞ് കപ്പ് കേക്ക് ചൂടറിയത്തിന് ശേഷം മോൽഡിൽ നിന്ന് മാറ്റാവുന്നതാണ്. അങ്ങനെ നമ്മുടെ സ്വദിഷ്ടമായ കപ്പ് കേക്ക് ഇവിടെ തയ്യാറായിട്ടുണ്ട്





# ഇനി നീ ഒറ്റക്കല്ല

സമയം രാത്രിയായിരിക്കുന്നു. ഇപ്പോഴും എവിടെ നിന്നോ ഒരു നായയുടെ ഓരിയിടൽ കേൾക്കാം. പെട്ടെന്ന് രാമു തന്റെ കിടക്കപ്പായിൽ നിന്നും എഴുന്നേറ്റു. നേരെ ഉറക്കം വരുന്നില്ല. അവന്റെ മനസ്സിൽ എന്തോ ഒരു ഭയം ഉരുണ്ടുകൂടി. ഈയിടെ കുറച്ച് ദിവസങ്ങളായി പല ദുഃസ്വപ്നങ്ങളും കാണാൻ തുടങ്ങിയിരിക്കുന്നു. പാതിഭയം കരഞ്ഞ മനസ്സോടെ ഭഗവാനെ പ്രാർത്ഥിച്ച് അവൻ നിദ്രയിലേക്ക് മടങ്ങി.രാമു ആറാം തരത്തിലാണ് ഇപ്പോൾ പഠിക്കുന്നത്. ചെറുപ്പത്തിലെ അവന്റെ അമ്മ മരിച്ചതിൽപ്പിന്നെ അച്ഛനാണ് അവനെ നോക്കിയത്. എത്രത്തോളം സ്നേഹിച്ചാലും അമ്മയുടെ സ്നേഹം നൽകാൻ ആർക്കും കഴിയില്ലല്ലോ! അതിന്റെ ഒരു വിഷമം അവന്റെ മുഖത്ത് കാണാം. ഉരുൾപൊട്ടൽ മണ്ണിടിച്ചൽ മുതലായ പ്രകൃതി ദുരന്തങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്ന ഒരു റെസ്ക്യൂ ടീമിന്റെ തലവനാണ് രാമുവിന്റെ അച്ഛൻ. അച്ഛന് രാമുവിനെ ഒരുപാട് ഇഷ്ടമായ തിനാൽത്തന്നെ തനിക്ക് ഒഴിവു കിട്ടുമ്പോൾ എല്ലാം അയാൾ തന്റെ മകന്റെ അടുത്ത് സമയം ചിലവഴിക്കുമായിരുന്നു. ഒരുപാട് പേരെ അതിസാഹസികമായി രക്ഷിച്ചിട്ടുള്ള ആളാണ് രാമുവിന്റെ അച്ഛൻ. അതു കൊണ്ടുതന്നെ അയാൾ നാട്ടുകാർക്ക് എല്ലാം പ്രിയപ്പെട്ട വനായിരുന്. അങ്ങനെയിരിക്കെ ഒരിക്കൽ രാമു സ്കൂൾ വിട്ടതിനു ശേഷം ബസ്സിൽ വീട്ടിലേക്ക്പോവുകയായിരുന്നു. ഒരു പാലം കടന്നു വേണം അവന്റെ സ്റ്റോപ്പിൽ എത്താൻ. നിയന്ത്രണം തെറ്റിയ ഒരു ലോറി അവരുടെ നേരെ വന്നു. ഡ്രൈവർ സ്റ്റിയറിങ് പെട്ടെന്ന് തിരിച്ചതും പാലത്തിനു താഴെയുള്ള നല്ല ഒഴുക്കുള്ള പുഴയിലേക്ക് ബസ്സ് മറിഞ്ഞതും ഒരുമിച്ചായിരുന്നു.

കുട്ടികളെല്ലാം അലറി വിളിക്കാൻ തുടങ്ങി. ഡ്രൈവർ എമർജൻസി എക്സിറ്റിലൂടെ ഉടൻതന്നെ പുറത്തുചാടി നീന്തി കരപറ്റി. എന്നാൽ പാവം കുട്ടികൾ അവർക്ക് അലറിവിളിക്കുകയല്ലാതെ മറ്റെന്ത് ചെയ്യാനാകും. പതിയെ വെള്ളം ബസ്സിനുള്ളിലേക്ക് കയറാൻ തുടങ്ങി ഈ സമയത്ത് നാട്ടുകാരാരോ വിവരം അറിയിച്ചിട്ടാണെന്നു തോന്നുന്നു, രാമുവിന്റെ അച്ഛന്റെ റെസ്ക്യൂ ടീം അവിടെ എത്തിയത്. രാമുവിൻറെ അച്ഛൻ ഉടൻതന്നെ ലൈഫ് ജാക്കറ്റ് ധരിച്ച് അരയിൽ കയർ മുറുക്കി കുട്ടികളെ രക്ഷിക്കാൻ തുടങ്ങി. അതിസാഹസികമായി തന്നെ അയാൾ എല്ലാ കുട്ടികളെയും രക്ഷിച്ചു. ശേഷം എല്ലാ കുട്ടികളും ഇല്ലേ എന്ന് നോക്കാൻ വേണ്ടി കുട്ടികളോടെല്ലാം അവർക്ക് അറിയുന്നവർ ഇവിടെ ഇല്ലേ എന്ന് നോക്കാൻ പറഞ്ഞു. അപ്പോഴാണ് പുറകിൽ നിന്നും ഒരു കുട്ടി ഭയത്തോടെയും വിറയലോടെയും മുഴുവനായും മുങ്ങാൻ പോകുന്ന ബസ്സിനെ നോക്കി പറഞ്ഞത് "മാമാ... രാമു.... രാമുവിനെ കാണാനില്ല!" അത് രാമുവിൻറെ അച്ഛന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അസാധാരണമായ ഒരു വിറയൽ അയാളുടെ ശരീരത്തിലൂടെ കടന്നുപോയി. അയാൾ പൂർണ്ണമായും മുങ്ങിയ ബസ്സിനെ നോക്കി പറഞ്ഞു, "ഞാൻ മരിച്ചാലും ശരി എന്റെ മോനെ എനിക്ക് രക്ഷിക്കണം" അയാൾ പുഴയിലേക്ക് എടുത്തുചാടി. ഒരു സാമഗ്രികളും ധരിക്കാതെയാണ് ചാടിയത്. വെള്ളംകയറിയ ബസ്സിനകത്തേക്ക് കുതിച്ചു. അപ്പോൾ ഏറ്റവും പിൻസീറ്റിൻമേൽ കയറി നിൽക്കുന്ന രാമുവിന്റെ തലമുടി അയാൾ കണ്ടു. അവന്റെ പതിഞ്ഞ ശബ്ദത്തിൽ അച്ഛാ എന്ന് വിളിക്കുന്നത് അയാൾ കേട്ടു. കലങ്ങിമറിഞ്ഞ ആ വെള്ളത്തിനടിയിലൂടെ അയാൾ കുതിച്ചു. അപ്പോൾ രാമു ശ്വാസംമുട്ടി കാലിട്ടടിക്കുന്നുണ്ടായിരുന്നു.

അയാൾ അവനെ മുറുകെപ്പിടിച്ചുകൊണ്ട് പുറത്തേക്ക് കടന്നു. എല്ലാവരുടെ മുഖത്തും ആശ്വാസത്തിന്റെ പുഞ്ചിരി അലയടിച്ചു. എന്നാൽ അയാൾ അവനെക്കൊണ്ട് നീന്തി കര പറ്റവേ വെള്ളത്തിന്റെ ഒഴുക്ക് കൂടി അപ്പോഴേക്കും അയാൾ അവശനായിരുന്നു.

അടുത്തു കിട്ടിയ ഒരു ചുള്ളിക്കമ്പ് പിടിച്ചുകൊണ്ട് അയാൾ മറ്റു റെസ്ക്യൂ ടീം അംഗങ്ങളെ ഉറക്കെ വിളിച്ചു. അവർ എല്ലാ സാമഗ്രികളും ധരിച്ച കുട്ടിയെ എടുത്ത് കരയിലേക്ക് കയറ്റി. എങ്കിലും രാമുവിന്റെ അച്ഛന് ആ മരക്കൊമ്പിൽ അധികനേരം പിടിച്ചുനിൽക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. അയാളെ രക്ഷിക്കാനായി റെസ്ക്യൂടീം ആഞ്ഞു ശ്രമിക്കവേ ഒരു സംഘം രാമുവിനെയും മറ്റു പരിക്ക് പറ്റിയ കുട്ടികളെയും ആശുപത്രിയിലേക്ക് കൊണ്ടുപോയി. എന്നാൽ ഒരു നിർഭാഗ്യം എന്നപോലെ രാമുവിന്റെ അച്ഛൻ പിടിച്ച് നിന്നിരുന്ന ആ മരക്കൊമ്പൊടിഞ്ഞ് അയാൾ ആ പുഴയിലേക്ക് അടിഞ്ഞുചേർന്നു. അപ്പോൾ ആ നദി ഒട്ടാകെ എന്റെ മോനെ എന്ന ഒരു ഇരമ്പം കേട്ടു. ആശുപത്രിയിലെത്തിയ രാമു എഴുന്നേറ്റപ്പോൾ ആദ്യം ചോദിച്ചത് തന്റെ അച്ഛൻ എവിടെ എന്നായിരുന്നു. അച്ഛന്റെ സ്നേഹിതനായിരുന്ന ഒരാൾ വളരെ വിഷമത്തോടെയാണ് അവനോട് അത് പറഞ്ഞത്. രാമുവിന്റെ കുഞ്ഞു മനസ്സ് വിങ്ങിപ്പൊട്ടി. തന്നെ തന്റെ ജീവനേക്കാൾ അധികം സ്നേഹിച്ച തന്റെ അച്ഛൻ ഇതാ ഇന്ന് തന്നെ വിട്ടു വിണ്ണിലേക്ക് പോയിരിക്കുന്നു. അച്ഛൻ തന്നെ രക്ഷിച്ച് ആ മരക്കൊമ്പിൽ പിടിച്ചു നിൽക്കുമ്പോൾ തന്നെ നിറകണ്ണോടെയും മങ്ങിയ പ്രതീക്ഷയോടെയും നോക്കുന്നത് അവൻ പാതിയടഞ്ഞ കണ്ണുകളാൽ കണ്ടിരുന്നു. ആ മുഖം അവന്റെ മനസ്സിൽ നിന്നും മായുന്നേയില്ല. അവൻ ആശുപത്രിയിൽ നിന്നും പുറത്തു കടന്നു, ആകാശത്തേക്ക് നോക്കി. അസാധാരണ തിളക്കമുള്ള ഒരു നക്ഷത്രം അവനെ നോക്കി കണ്ണുചിമ്മുണ്ടായിരുന്നു.

അവൻ അതിനെ നോക്കി വാവിട്ടു കരഞ്ഞു. അച്ഛാ എന്തിനെന്നെ തനിച്ചാക്കി, ഇനി മുതൽ ഒരു അനാഥനാണ് താനെന്ന് അവൻ അറിയാമായിരുന്നു. അന്ന് രാത്രി ആശുപത്രിയിൽ അവന്റെ സ്കൂളിലെ അധ്യാപകർ എത്തിയിരുന്നു. അവന്റെ മാമനും അവിടെ നിൽപ്പുണ്ടായിരുന്നു. തന്റെ മാമൻ തന്നെ കൊണ്ടുപോകാനാണ് വന്നതെന്ന് അവൻ മനസ്സിലാക്കി. ആ രാത്രി അവൻ ആശുപത്രിയിലെ ഒരു ഏകാന്തമായ മുറിയിൽ കിടന്നുറങ്ങി. അവന് നല്ല പേടിയുണ്ടായിരുന്നു.

പെട്ടെന്ന് അവന്റെ കൺമുമ്പിൽ അവന്റെ അച്ഛൻ നിൽക്കുന്നത് കണ്ടു. അത് അവനു വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല, എങ്കിലും വിശ്വസിച്ചേ പറ്റൂ. അയാൾ രാമുവിനോട് സംസാരിക്കാൻ തുടങ്ങി. 'മോനേ നീ ഇപ്പോൾ ഒറ്റയ്ക്കാണെന്ന് എനിക്കറിയാം. എന്റെ മരണം ദൈവനിയോഗമാണ് എന്നാലും നീ ഇനി മുതൽ ഒരിക്കലും പേടിക്കരുത്. മറ്റുള്ളവർക്ക് നിന്റെ ആവശ്യം വേണ്ടുന്ന നേരം അവരെ സഹായിക്കാൻ നീ സദാ സന്നദ്ധനായിരിക്കണം. നിന്റെ കൂടെ ഞാൻ എപ്പോഴും ഉണ്ടാകും. അതുകൊണ്ട് നീ ഒരിക്കലും ഒറ്റയ്ക്കാകില്ല.' അയാൾ ഒരു നിമിഷം നിർത്തി. അച്ഛാ എന്ന് വിളിച്ച് അയാളുടെ നേരെ അവൻ ഓടിയെടുത്തുവെങ്കിലും ആ രൂപം അവിടെ നിന്നും മാഞ്ഞുപോയി. അപ്പോൾ ആ നിമിഷം തണുത്ത ഒരു ഇളം കാറ്റ് തന്റെ എണ്ണ പുരണ്ട തലമുടിയെ തലോടിക്കൊണ്ട് പോകുന്നത് അവനനുഭവപ്പെട്ടു. അവൻ വീണ്ടും ബെഡിലേക്ക് മടങ്ങി. നല്ലൊരു പ്രഭാതത്തിന്റെ സൂര്യനെ മനസ്സിൽ കണ്ടുകൊണ്ട് പതിയെ പതിയെ ഉറക്കത്തിന്റെ കയത്തിലേക്ക് അവൻ ആഴ്ന്നിറങ്ങി.....



**VARUN A**


sports meet 2022-23

Moral story

# TRUE VALUE OF LIFE



Fathima Rinsha 8 J

*A man went to God and asked,"Almighty,*

*Could you please describe to me,What's the value of life"?*

*God smiled at him, gave him a stone and said,"find out the value of this stone, but never try to sell it."*

*The man took the stone to an orange seller and asked him what it's cost would be. The orange seller saw the shiny stone and said,"you can take 12 oranges in return to the stone." The Man apologised and told he was not allowed to sell the stone.*

*He went ahead and found a vegetable seller."what could be the value of this stone?" He asked the vegetable seller. The seller was astonished by the shiny appearance of the stone and said "take one sack of potatoes and give me the stone." The man apologised again and explained why he had no rights to sell the stone.*

*Further ahead he went into a Jewellery shop and asked for the real worth of the stone. The jeweller examined it carefully and said, 'I'll give you 5 million for this stone." When the man disapproved the jewellers offer, he said, 'Alright Alright, take 20 million, but give me the stone.' The man elucidated on why he can't sell the stone.*

*Next he saw a precious stone's shop and asked the same. The stone seller said it is ruby,one of the most rarest type. He bent down and touched his head in front of the ruby. "From where did you get this priceless ruby?" He asked. "Even if I sell the whole world, and my life I won't able to purchase this priceless stone.*

*Stunned and confused, the man returned to The God and told him what happened "Now tell me what is the value of life God?"*

*God said,"The answers is what you got from the people you met today,*

*You may be a precious stone, even priceless, but people may value you based on their level of information, their belief in you, their motive behind entertaining you,their ambition and their risk taking ability. But one day, you will surely find someone who will realize your true value."*

*you're precious.*
*Respect yourself.*

YOU ARE UNIQUE.
NO ONE CAN REPLACE YOU !!!

# അകലം



Jamshiya 9 B

അടച്ചിട്ട ആ മുറിയുടെ വാതിൽ അയാൾ പതിയെ തുറന്നു. കുറച്ച് നാളായി ആ വാതിൽ പൂർണമായി തുറന്നിരുന്നില്ല. വാതിലിനു പുറത്തായി തനിക്കായി മാത്രം കൊണ്ടു വെക്കുന്ന സാധനങ്ങൾ എടുക്കാൻ വേണ്ടി മാത്രമായിരുന്നു ആ വാതിൽ തുറന്നിരുന്നത്. അതും പുറത്ത് ആരുമില്ല എന്ന് ഉറപ്പിച്ച് കൊണ്ട്. ഇന്നിതാ വീണ്ടും അയാൾ പുറത്തിറങ്ങുന്നു. താനിതു വരെ ഒരു ജയിലിൽ അകപ്പെട്ട പോലെയായിരുന്നു അയാൾക്ക് താൻ ആ മുറിയിൽ നിന്ന് ജയിൽ മോചിതനായ പോലെ അയാൾക്ക് തോന്നി. അയാൾ പതിയെ പുറത്തിറങ്ങി പത്തിരുപത് ദിവസങ്ങൾക്കു ശേഷം പുറത്തെ ശുദ്ധവായു ശ്വസിക്കാം, കൂടെ തൻ്റെ ഉറ്റവരോടും.... കൂട്ടുകാരോടും..... കണ്മുന്നിൽ നിന്ന് സംസാരിക്കാം എന്നുള്ള ചിന്തയിലായിരുന്നു.... അയാൾ ഈ ദിവസത്തിന്നായി കാത്തിരുന്നത്...

അതുകൊണ്ടുതന്നെ അതിന്റെ സന്തോഷം അയാളുടെ മുഖത്ത് നിഴലിച്ച് നിൽപ്പുണ്ടായിരുന്നു. വാതിൽ തുറന്ന് പുറത്തിറങ്ങിയതും തൻ്റെ വീട് അയാൾ ഒന്ന് വീക്ഷിച്ചു പുറത്തിതാ തന്നെ കാണാനായി വീട്ടിലുള്ളവർ കൂടി നിൽക്കുന്നു എന്തോ ഒരു പുതുതായി കണ്ടുപിടിക്കപ്പെട്ട മഹാജീവി വാതിൽ തുറന്ന് പുറത്ത് ഇറങ്ങുന്നത് കാണാനായി കാത്തു നിൽക്കുന്ന പോലെയാണ് അയാൾക്കപ്പോൾ തോന്നിയത്. സത്യത്തിൽ അവരും അയാളെ കണ്ടിട്ട് കുറച്ച് നാളായില്ലേ അവരുടെ അടുത്തേക്കായി അയാൾ ചുവടുവെച്ചു അവരെല്ലാം പരസ്പരം സംസാരിച്ചു. അപ്പോഴും അയാളിൽ നിന്ന് ചെറിയ അകലം പാലിച്ച് നിൽക്കുന്ന പോലെ അയാൾക്കു തോന്നി പതിയെ നടന്ന് അയാൾ മുറ്റത്തേക്കിറങ്ങി തൻ്റെ ചുറ്റിലും ഒന്ന് കണോടിച്ചു. ചെറുതായി അവിടെ ഇവിടെയോക്കെയായി എന്തൊക്കെയോ മാറ്റം സംഭവിച്ച പോലെ അയാൾക്ക് തോന്നി...

താൻ തൻ്റെ റൂമെന്ന ജയിലിൽ അകപ്പെടും മുമ്പ് നട്ട ആ റോസാപ്പൂ ചെടിയിൽ ഒരു റോസാപ്പൂ വിരിഞ്ഞു നിൽക്കുന്നതയാൾ കണ്ടു അയാൾ അതും നോക്കി നിൽക്കുന്ന നിമിഷം ആകാശത്തിലൂടെ കലപില ശബ്ദമുണ്ടാക്കി പക്ഷികൾ കടന്നുപോയി കൂടെ ഒരു കുളിർമയേകുന്ന ഇളം തെന്നൽ അയാളെ തലോടി ചുറ്റും വീശിയടിച്ചു ഓ.... എന്തൊരു ആശ്വാസം..... അയാൾ സ്വയം മനസിൽ പറഞ്ഞു.... അപ്പോഴതാ ഒരു പൂച്ചകുഞ്ഞ് അയാൾ നട്ട റോസാ ചെടിയുടെ അരികിലേക്ക് ഓടി വന്നു.... ആ പൂച്ചയെ അയാൾ ദിവസവും കണ്ടിരുന്നതായിരുന്നു. നീ നന്നായി തടിച്ചിട്ടുണ്ടല്ലോ നീയും എൻ്റെ പോലെ വല്ലോടത്തും ഒരുപണിയുമില്ലാതെ ആഹാരം മാത്രം കഴിച്ച് കിടപ്പായിരുന്നോ. അയാൾ ഒന്ന് ചിരിച്ചുകൊണ്ട് അതിനോടായി കുശലം ചോദിച്ചു അയാളെ ഒന്ന് നോക്കി എന്ന ഭാവത്തിൽ ആ പൂച്ച അവിടെ നിന്ന് ഓടി മറഞ്ഞു. പൂച്ചക്കും എന്നെ ഭയമാണോ അയാൾ മനസ്സിൽ സങ്കടത്തോടെ ഓർത്തു നിനക്കും എന്നെ ഭയമാണോടീ ആ വിരിഞ്ഞ റോസാപ്പൂവിനോടായി അയാൾ ചോദിച്ചു നിനക്ക് ഓടിമറയാൻ കഴിയാത്തോണ്ട് അല്ലേ... അല്ലേൽ നീയും ഓടിപോയേനേ.... അയാൾ റോസാപ്പൂവിനോടായി പറഞ്ഞു.... കാറ്റിൽ ആ റോസാപ്പൂ പതിയെ ഇളകി.... അത് കണ്ടതും അയാൾ ഓ അപ്പോ ശരിയാണല്ലേ എന്നും പറഞ്ഞ് റോഡിന്റെ ഒരു വശത്തായി നിന്ന ആളുകളിലേക്ക്തിരിഞ്ഞു...

അയാൾ നടന്നു വരുന്നത് കണ്ടതും അവരിൽ കുറച്ചുപേർ അവിടെ നിന്ന് എണീറ്റ് നടന്നകന്നു അത് കണ്ടതും അയാളിൽ എന്തൊക്കെയോ ചിന്തകൾ മിന്നിമറഞ്ഞു. അവരെ പറഞ്ഞിട്ടും കാര്യമില്ല അങ്ങനെ ഒരു കാലമല്ലേ ദൈവമേ നീ നങ്ങൾക്കായി നൽകിയത് എന്ന് പറഞ്ഞ് മനസ്സിനെ അയാൾ ആശ്വസിപ്പിച്ചു....

അവിടെ നിന്ന ബാക്കി ആളുകളോട് അയാൾ സംസാരിക്കാൻ തുടങ്ങി അപ്പോഴും അവരും തന്നിൽ നിന്ന് അകലം പാലിച്ചപോലെ അയാൾക്ക് തോന്നി. പിന്നെ അവിടെ നിൽക്കാൻ അയാൾക്ക് തോന്നിയില്ല എന്തൊരു വിധി ഇതിനായിരുന്നോ ഇത്രയും നാൾ കാത്തിരുന്നത് അയാൾ മനസിൽ കുറ്റപ്പെടുത്തി അയാൾ പതിയെ അവിടെ നിന്ന് പിന്തിരിഞ്ഞു നടന്നു. മനസ്സിൽ വല്ലാത്തൊരു ഭാരം അയാൾക്കനുഭവപ്പെട്ടു ഇനിയെന്നാണ് പഴയപ്പോലെ എല്ലാവരും അകലം പാലിക്കാതെ സംസാരിക്കുക ഇടപഴകുക..... ഈ ചോദ്യം അയാളെ മനസ്സിനെ വേട്ടയാടി.... എല്ലാം ശരിയാവുമായിരിക്കും അയാൾ സ്വയം ആശ്വസിച്ചു.... ആ സമയം അയാൾ കൊതിച്ചിരുന്ന പോല ഒരു കാറ്റും മഴയും അവിടെ പെയ്തിറങ്ങി... ആ മഴയത്ത് ഒരു കൊച്ചു കുഞ്ഞിനെ പോലെ അതിൽ അയാൾ ലയിച്ചു നിന്നു.. തൻ്റെ മനസ്സിലെ സങ്കടം കണ്ണീരായി ആ മഴയിൽ ഒലിച്ചിറങ്ങി.... എല്ലാം ശരിയാവുമെന്ന പ്റതീക്ഷയിൽ വീട് ലക്ഷ്യമാക്കി അയാൾ നടന്നു നീങ്ങി......

# पहली बारिश

एक गाँव मैं एक गरीब किसान रहता था। उसके घर में बह उसका पिता और उसकी बीवी और दो बच्चे थे। उसका बाप बहुत बूढा था। उसका बच्चे सात - आठ साल के थे। घर में कामने वाला कैवल एक ही आदमी था। वही था बैचारा किसान जिसका नाम रामू था। उसका पिता को बीमारी था। और उस गाँव में काफी दिन होगये थे बारिश होके। वो हमेश भगवान से यही प्रार्थना करथा था की, ए भगवान काफी दिन होगये हम गाँव वाले पानी की एक - एक बूंदों के लिए तरस रहे हैं, और अगर ऐसा ही चला तो हमारा क्या होगा। हम पानी के लिए तरस तरस मर जायेंगे।

एक दिन वह सुबह - सवेरे बाहर निकालता है और आस पास देरवता है। वह सोचने लगता है की बहुत दिन होगये बारिश होके अब कब पानी बरसेका पानी क्यूँ नहीं बरस रहा। बाहुत देर तक वह सोचता है। फिर उसे पता चल जाता है के हम इंसान ही इन सभी चीज़ों के कारण उसी दिन वो सोच लेता है की में पेड़ लगाँगा कुच्छ भी करूँगा लेकिन बारिश बरसा के ही रहूँगा उसी दिन वे कई पौदों को बैठाता है। कुछ दिनों के बाद वो फिर वापस आता है। वह वो नज़रा देरवकर एकदम से रोआसु हौ जाता है खुशी से वह देखता है की छोटे - छोटे पौदे उगा हुआ है। वह रवुशी के मारे एक दम नाचने लगता है। वह हर दिन आके बहुत ज़्यादा दूर से पानी लाता और पैदों को पानी देता वह सिर्फ़ अपने पौदों को पानी देने के लिए दूसरे गाँव से पानी लेता जहा जाने के लिए गरीब एक दो घंडा लगता था। लेकिन वो जाने के लिए अपने हक दोस्त से साईकिल उघार मांगता था।

उसका मित्र भी बहुत गरीब था। कुछ महीनों बाद शाम के पूरा आसमान काले रंग से छा गया बादल गरजन लगे और पानी की बूंदों तपकने लगी जो वो सुरवा रवेत का ज़मीन था। वो गीला हौने लगा। सारे गाँव वाले बहुत खुश होगये। फिर उसने रवेती करना शुरू किया सारे पेड़ उस थंदी थंदी हवा से हिलने लगे सारे जानवर और इंसान सभी लोग उस पहली बारिश मैं नाचने लगी उनकी रवूशी वो नाचकर ज़ाहिर कर रहे थे।
जो रवेती रामू ने किया था।

उस फसल को काटने का समय भी आ गया था। उसने पूरा दिन और रात एक कर दिया और सुबह उसका सारा काम रवतम होजाता है। उसके पिता, बीवी और बाल बच्चे वो देरवकर बहुत स्वुश होजाते है। रामू के पिता वह देखकर सोचते हैं कि किसी ज़माने में हमने भी इतना महनत किया था वो अपने बैट से कहते है कि " बैठा मुझे तुम्हारे ऊपर गर्व है। " और फिर वह उन पूसलों को बेचकर उने बच्चों का स्कूल फीस और अपने पिता के लिए दवाई भी लता है।फिर से वह पैड पौदे बैठा कर और खेती कर के अपने परिवार के साथ खुशी खुशी जीता है।



TAJ MUMTAS

# SCHOOL ACTIVITY @ 2022 -2023

*Empathy, Discipline and Integrity*

## S P C









**To enable youth to work with police and other enforcement authorities including Forest, Transport and Excise in preventing crime, maintaining law and order, promoting road safety, and improving internal security and disaster management**









# SCHOOL ACTIVITY @ 2022 -2023

*"notice, think and act "*

## J R C






റെഡ് ക്രോസ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ടി വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന സേവന സംഘടനയാണ് ജൂനിയർ റെഡ് ക്രോസ് ജാതി മത വർണ്ണ ഭാഷാ ദേശരാഷ്ട്രീയങ്ങൾക്കെല്ലാം അതീതമായി പ്രവർത്തിക്കുന്ന സംഘടനയാണ് ജെ ആർ സി





ധ്വനി'യിൽ നന്മയുടെയും
സ്നേഹത്തിന്റെയും നറു
സ്പർശമുണ്ട്.
ആകാശത്തോളം വളരുന്ന
ഭാവനയുടെ വസന്തമുണ്ട്.
ഞങ്ങളുടെ കുരുന്നു
പ്രതിഭകൾ ഒരുക്കിയ
'ധ്വനി' മാധുര്യം നിങ്ങളിലേക്ക്
എത്തിക്കാൻ ആയെന്ന്
വിശ്വസിക്കട്ടെ.

ഹൃദയഭാഷയിൽ
എല്ലാവർക്കും നന്ദി